പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 | 24.11.2008 ൽ മറുപടിയ്ക്ക് |

## ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ ;<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി ;<br>ശ്രീ. എ.എം. ആരിഫ് ;<br>ശ്രീ. പി. ജയരാജൻ ;<br>ശ്രീ. പി. കൃഷ്ണപ്രസാദ് ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവ സ്ഥിതിചെയ്യുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും സർക്കാർ മുൻകൈ എടുത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുണ്ടറ, ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം, കോഴിക്കോട് ജില്ലയിലെ വെള്ളിക്കോട് - പന്തീരങ്കാവ്, തൃശൂർ ജില്ലയിലെ കൊരട്ടി എന്നീ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഇതിനകം നൽകിയിട്ടുണ്ട്. ഇതിൽ ആലപ്പുഴ, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ ഐ.ടി. പാർക്കുകൾക്ക് പ്രത്യേക സാമ്പത്തിക മേഖല പദവി ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പാർക്കിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ സൈബർപാർക്ക് എന്ന സ്ഥാപനം സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. സൈബർ പാർക്കിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ചേർത്തല ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ടെണ്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ ഐ.ടി. പാർക്കിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം ജില്ലകളിലാണ് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് ഇതിനകം സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; | ബി) | മേൽപ്പറഞ്ഞ സ്ഥലങ്ങൾക്കു പുറമെ എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനുള്ള സ്ഥലം കണ്ടെത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ് വക സ്ഥലത്ത് പ്രസ്തുത കമ്പനിയുമായി ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | പുതിയ ഐ.ടി. പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | സി) | ടെക്നോപാർക്കിലും ഇൻഫോപാർക്കിലും ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും ആനുകൂല്യങ്ങളും പുതിയ ഐ.ടി. പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്നവർക്ക് ലഭിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 2 — 24/11/2008 - ൽ മറുപടിക്ക്

## റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. സി. എം. ദിനേശ് മണി :<br>ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. എം.എം. മോനായി : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തിന് അർഹമായ റേഷൻ വിഹിതത്തിൽ ഈ സർക്കാർ വന്നശേഷം കേന്ദ്രസർക്കാർ എന്തുമാത്രം വെട്ടിക്കുറവാണ് വരുത്തിയിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിഹിതം വെട്ടിക്കുറച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ :<br><br>എ.പി.എൽ അരി മാർച്ച് 2007 വരെ 1,13,420 മെട്രിക് ടൺ നൽകിയിരുന്നതിൽ ഏപ്രിൽ 2007 മുതൽ 92,086 മെട്രിക് ടൺ കുറച്ചു. വീണ്ടും 2008 ഏപ്രിൽ മുതൽ 4278 മെട്രിക് ടൺ കുറച്ചു. ഇപ്രകാരം എ.പി.എൽ. അരി 1,13,420 മെട്രിക് ടൺ നൽകിയിരുന്നത് വെറും 17,056 മെട്രിക് ടൺ ആയി കുറച്ചിരിക്കുകയാണ്.<br><br>എ.പി.എൽ ഗോതമ്പ് ഏപ്രിൽ 2006 വരെ 37,325 മെട്രിക് ടൺ നൽകിയിരുന്നതിൽ മെയ് 2006 മുതൽ 25,448 മെട്രിക് ടൺ കുറവ് വരുത്തി 11,777 മെട്രിക് ടൺ മാത്രമാണ് നൽകുന്നത്. ബി.പി.എൽ അരി 26,591 മെട്രിക് ടണ്ണിൽ നിന്നും 27 മെട്രിക് ടൺ കുറയ്ക്കുകയും ഗോതമ്പ് 8,865 മെട്രിക് ടണ്ണിൽ നിന്നും 1,902 മെട്രിക് ടൺ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) | വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭക്ഷ്യമന്ത്രിയുടെയും നേതൃത്വത്തിൽ നിരവധി നിവേദനങ്ങൾ പ്രധാനമന്ത്രിക്കും കേന്ദ്ര ഭക്ഷ്യ, സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള സർവ്വകക്ഷിസംഘം പ്രധാനമന്ത്രിയെയും കേന്ദ്ര ഭക്ഷ്യ, സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രിയെയും നേരിൽ കണ്ട് നിവേദനം നൽകി. കൂടാതെ സംസ്ഥാന മന്ത്രിമാരും എം.എൽ.എ.മാരും എം.പി.മാരും റേഷൻ പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ന്യൂഡൽഹിയിൽ പാർലമെന്റിനുമുന്നിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും കേരളത്തിലെ എം.പി.മാർ പാർലമെന്റിൽ ഇതേ ആവശ്യം ഉന്നയിക്കുകയും പാർലമെന്റിനു പുറത്ത് പ്രക്ഷോഭം നടത്തുകയും ചെയ്തിട്ടുണ്ട്. |
| സി) | റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി നിവേദകസംഘത്തിന് പ്രധാനമന്ത്രി എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ ; | (സി) | അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പു നൽകി. ഡിസംബർ 2008 മുതൽ മാർച്ച് 2009 വരെ പ്രതിമാസം, 11,000 മെട്രിക് ടൺ എ.പി.എൽ. അരി താൽക്കാലിക വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| ഡി) | റേഷൻ വിഹിതം പുന:സ്ഥാപിക്കുവാനാവില്ലെന്ന കേന്ദ്ര ഭക്ഷ്യമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) | കേന്ദ്ര നിലപാട് തിരുത്തുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തുമോ ? | (ഇ) | കേന്ദ്ര നിലപാട് തിരുത്തുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പര്‍ 3

24-11-2008 -ല്‍
മറുപടിക്ക്

## അളവുതൂക്ക കുറ്റകൃത്യങ്ങള്‍

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എന്‍.വാസവന്‍<br>ശ്രീ. വി.ശശികുമാര്‍<br>ശ്രീ. വി.ടി.എ.റഹീം<br>ശ്രീ. പി.വിശ്വന്‍ | ശ്രീ. സി.ദിവാകരന്‍<br>(ഭക്ഷ്യവും സിവില്‍ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |

(എ) അളവു തൂക്ക കുറ്റകൃത്യങ്ങള്‍ തടയുന്നതിന് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ്;

(ബി) അളവു തൂക്ക ഉപകരണങ്ങള്‍ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കാത്തവര്‍ക്കെതിരെ നടപടി സ്വീകരിക്കുമോ;

(എ) യും (ബി) യും ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമാക്കി സംസ്ഥാനത്ത് അളവു തൂക്ക കുറ്റകൃത്യങ്ങള്‍ തടയുക എന്ന ലക്ഷ്യത്തോടെ ലീഗല്‍ മെട്രോളജി വകുപ്പ് പ്രവര്‍ത്തിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ മേഖലകളിലും ഉപയോഗിക്കുന്ന അളവു തൂക്ക ഉപകരണങ്ങള്‍ കൃത്യമാണെന്ന് ഉറപ്പ് വരുത്തി ലീഗല്‍ മെട്രോളജി വകുപ്പ് കൃത്യതയുടെ മുദ്ര പതിപ്പിച്ച് നല്‍കുന്നുണ്ട്. അളവു തൂക്ക ഉപകരണങ്ങള്‍ മുദ്രപതിപ്പിക്കാതെ ഉപയോഗിക്കുന്നവര്‍ക്കെതിരെയും, പരിശോധനയ്ക്ക് വിധേയരാക്കാത്തവര്‍ ക്കെതിരെയും, വില്‍ക്കുന്ന സാധനങ്ങളുടെ പരമാവധി ചില്ലറ വില (എം.ആര്‍.പി), അളവ്, തൂക്കം, എന്നിവയില്‍ കൃത്രിമം കാണിക്കുന്നവര്‍ക്കെതിരെയും നടപടി സ്വീകരിച്ചു വരുന്നു.

1977 -ലെ പാക്കേജ്ഡ് കമ്മോഡിറ്റി ചട്ടങ്ങളുടെ ലംഘനത്തിനും കുറ്റക്കാര്‍ക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. അളവു തൂക്ക കുറ്റകൃത്യങ്ങള്‍ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും

വേണ്ടി ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർമാരുടെ നേതൃത്വത്തിൽ ഉള്ള ഫ്ളയിംഗ് സ്ക്വാഡുകൾ ജില്ലാ തലത്തിൽ പരിശോധനകൾ നടത്തി വരുന്നു. 2008 ജനുവരി മുതൽ മൊത്തം 18960 കേസ്സുകളിലായി 4 കോടി രൂപ കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ഇതിന് പുറമേ ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ 'സംസ്ഥാന തല ഇൻസ്പെക്ഷൻ സ്ക്വാഡും' പരിശോധനകൾ നടത്തി വരുന്നു.

(സി) അളവു തൂക്ക കുറ്റകൃത്യങ്ങളുടെ പേരിൽ ഈ വർഷം എത്രപേർ ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കുമോ;

(സി) 2008 ജനുവരി മുതൽ ഒക്ടോബർ മാസം വരെയുള്ള കാലഘട്ടത്തിൽ വിവിധ വകുപ്പുകൾ പ്രകാരം ആകെ 18960 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഉത്സവ സീസണുകളിലെ അളവു തൂക്ക കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) ഉത്സവ സീസണുകളിൽ അളവു തൂക്ക കുറ്റകൃത്യങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 4

24.11.2008 ൽ മറുപടിയ്ക്ക്

## അവശ്യവസ്തുക്കളുടെ വിലവർദ്ധന

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ ;
ശ്രീ. എം.വി.ശ്രേയാംസ്കുമാർ ;
ശ്രീ. കെ.പി.മോഹനൻ ;
ശ്രീ. എം.കെ.പ്രേംനാഥ് ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ബഹു; ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) അവശ്യവസ്തുക്കളുടെ വിലവർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) പൊതു കമ്പോളത്തിൽ ചില അവശ്യ വസ്തുക്കളുടെ വിലയിൽ നേരിയ വില വ്യത്യാസം ഉണ്ടായിട്ടുണ്ട്.

ബി) അവശ്യവസ്തുക്കളുടെ വിലവർദ്ധന നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ;

ബി) അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള അവശ്യ വസ്തുക്കളുടെ വരവ് സുഗമമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ 1263 വിപണന ശാലകൾ,1672 എ.ആർ.ഡി ശബരി സ്റ്റോറുകൾ എന്നിവ വഴി അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 40% വരെ വിലക്കുറച്ച് വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമേ ഉൽസവസീസണുകളിൽ സപ്ലൈകോ പ്രത്യേക ബസാറുകൾ തുടങ്ങി അവശ്യ സാധനങ്ങൾ വില കുറച്ച് ലഭ്യമാക്കി വരുന്നുണ്ട്. സെപ്തംബർ 2006 നു ശേഷം 10 അവശ്യ സാധനങ്ങളുടെ വില 27% വരെ കുറച്ചു വിറ്റു വരുന്നു. പൊതു വിപണിയിൽ ഗോതമ്പ് ഉത്പന്നങ്ങളുടെ വില നിയന്ത്രിക്കാനായി ഫോർട്ടിഫൈഡ് ആട്ട 11 രൂപയ്ക്കും, 11.50 രൂപയ്ക്കും നൽകുന്നുണ്ട്. പൊതു കമ്പോളത്തിൽ അരിയുടെ ദൗർലഭ്യം മൂലം ഉണ്ടാകുമായിരുന്ന വില വർദ്ധന ഒഴിവാക്കാൻ പ്രത്യേക അരിക്കടകൾ തുറന്ന് സപ്ലൈകോ വിപണന ശാലകൾ വഴി കിലോഗ്രാമിന് 13.50 രൂപായ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്കലരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ.

കാർഡുടമകൾക്ക് കിലോഗ്രാമിന് 16 രൂപയ്ക്ക് പ്രതിമാസം 10 കിലോഗ്രാം കുത്തരി റേഷൻ വിഹിതത്തിന് പുറമേ വിതരണം ചെയ്തുവരുന്നുണ്ട്. വിലവർദ്ധനവിന് കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുന്നതിനായി എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ, റേഷൻ അദാലത്തുകൾ എന്നിവയും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ മറ്റു വകുപ്പുകളുമായി ചേർന്ന് നടത്തുന്ന സംയുക്ത പരിശോധനകളും കാര്യക്ഷമമായി നടത്തുന്നുണ്ട്. കൂടാതെ പൊതുവിപണിയിൽ അരി, ഉള്ളി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, എഡിബിൾ ഓയിൽ, എഡിബിൾ ഓയിൽ സീഡ്സ് ഇവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കാരണം പൊതു കമ്പോളത്തിൽ വില വർദ്ധന ഒരു പരിധി വരെ നിയന്ത്രിച്ചിട്ടുണ്ട്.

സി) സമീപകാലത്ത് കമ്പോളത്തിൽ പച്ചക്കറിയുടെ വില അസാധാരണമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ?

സി) ഇന്ധന വിലയിലും അനുബന്ധ ചെലവിലും ഉണ്ടായ വർദ്ധനവ് കാരണം പച്ചക്കറിയുടെ വിലയിൽ നേരിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഹോർട്ടികോർപ്പിന്റെ സഹകരണത്തോടെ കുറഞ്ഞ വിലയ്ക്ക് പച്ചക്കറി വിതരണം നടത്തി വരുന്നു. ഉത്സവകാലങ്ങളിൽ പച്ചക്കറിയുടെ വില വർദ്ധനവ് തടയാനായി സപ്ലൈകോ പ്രത്യേക മാർക്കറ്റുകൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട വിൽപ്പന ശാലകൾ വഴിയും പൊതു വിപണിയെക്കാൾ 10% വരെ വില കുറച്ച് പച്ചക്കറി വിതരണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യംനമ്പർ: 5

24.11.2008 ലെ മറുപടിക്ക്

## സംസ്ഥാനത്തിന് അനുവദിച്ചുകിട്ടിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് അനുവദിച്ചുകിട്ടിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ അനുവദിച്ചുകിട്ടിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുബന്ധം(1)ൽ ചേർത്തിരിക്കുന്നു. |
| (ബി) | ഇവ ഓരോന്നിനും കേന്ദ്രം അനുവദിച്ച ഫണ്ടുകൾ എത്ര; | (ബി) 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിലെ പദ്ധതി വിഹിതം അനുബന്ധം (2)ൽ ചേർത്തിരിക്കുന്നു. |
| (സി) | ഈ പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | (സി) 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക അനുബന്ധം(3)ൽ ചേർത്തിരിക്കുന്നു. |

22/11

ജോയിന്റ് ഡയറക്ടർ

(സി.പി.എം.യു)

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 6 24 - 11 - 2008 ൽ മറുപടിക്ക്

വിദേശ മലയാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. കെ.ടി ജലീൽ:<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. പി.ടി.എ.റഹീം :<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ)വിദേശമലയാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) പ്രവാസികാര്യ വകുപ്പ്, തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായി 'സാന്ത്വന' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ താഴ്ന്ന വരുമാനക്കാരായ തിരികെവന്ന പ്രവാസി മലയാളികൾക്ക് ഒറ്റ തവണയായി ധനസഹായം നൽകി വരുന്നുണ്ട്. നിർധനരായ പ്രവാസി കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും അപകടങ്ങളിൽ പരുക്കേറ്റ് ഗുരുതരാവസ്ഥയിൽ കഴിയുന്ന പ്രവാസി കേരളീയരെ തിരികെകൊണ്ടുവരുന്നതിനും സഹായം നൽകുന്നതിനായി 'എമർജൻസി റിപാട്രിയേഷൻ ഫണ്ട്' രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ എന്ന പരിശീലന പരിപാടിയും നടപ്പിലാക്കി വരുന്നു. പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രവാസികൾക്ക് ഒരു ക്ഷേമനിധി രൂപീകരി ക്കുന്നതു സംബന്ധിച്ച കരടു ബില്ലിന് രൂപം നൽകി,തുടർ നടപടി സ്വീകരിച്ചുവരുന്നു |

വിദേശത്ത് വച്ച് ജയിലിലാവുകയോ കാണാതാവുകയൊ കഷ്ടപ്പെടുകയൊ ചെയ്യുന്ന പ്രവാസിമലയാളികളെ തിരികെനാട്ടിലെത്തിക്കുന്നതിനുള്ള് നടപടികൾ ബന്ധപ്പെട്ട നയതന്ത്രകാര്യലയങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസിമലയാളികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്കും അവരുടെ സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ അതാത് ജില്ലാ കളക്റ്റർ/പോലീസ് സൂപ്രണ്ട് മുഖേന സ്വീകരിച്ചു വരുന്നു.

(ബി) വിദേശ മലയാളികൾക്ക് പ്രവാസി കാർഡ് നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രവാസി കേരളീയർക്കും വിദേശത്തുനിന്നും തിരിച്ചെത്തിയ കേരളീയർക്കും തിരിച്ചറിയൽ കാർഡ് നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇപ്പോൾ വിദേശത്തുള്ള പ്രവാസി കേരളീയർക്കാണ് കാർഡ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ കാർഡിനും 200 രൂപ വീതമാണ് ഫീസ് ഈടാക്കുന്നത്. ഈ പദ്ധതി ഇപ്പോൾ കേരളം മുഴുവനും വ്യാപിപ്പിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സിനാണ് ഈ പദ്ധതിയുടെ ചുമതല നൽകിയിരിക്കുന്നത്.

18 വയസ്സ് പൂർത്തിയായ പ്രവാസികൾക്ക് കാർഡിനായി അപേക്ഷിക്കാവുന്നതാണ് 3 വർഷമാണ് കാർഡിന്റെ കാലാവധി .

(സി) ഈ കാർഡ് കൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണ് . ഇതിനകം എത്ര പേർക്ക് കാർഡ് വിതരണം ചെയ്തു ;

(സി). ഈ കാർഡിനെ ഇൻഷ്വറൻസ് കാർഡായും, ഡിസ്കൗണ്ട് കാർഡായും ഉപയോഗിക്കുവാൻ ഉതകും വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ കാലാകാലങ്ങളിൽ പ്രവാസി കേരളീയർക്കായി സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്കുള്ള അടിസ്ഥാന രേഖയായും ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. രെടിയന്തിര ഘട്ടത്തിൽ കാർഡുടമയെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നത് ആണ്. മൂവായിരത്തോളം പേർക്ക് ഇതിനകം കാർഡ് വിതരണം ചെയ്തു കഴിഞ്ഞു.

(ഡി) പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ടോ ; എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ . വിശദാംശം വ്യക്തമാക്കുമോ ?

(ഡി) പ്രവാസി തിരിച്ചറിയൽ കാർഡ് പദ്ധതിയുടെ അപേക്ഷാ ഫാറങ്ങളുടെ വിതരണത്തിനും പദ്ധതിയുടെ പ്രചരണത്തിനും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി സംസ്ഥാനമൊട്ടാകെ നടത്തുന്നതിന് പ്രവാസി തിരിച്ചറിയൽ കാർഡ് സെല്ലുകൾ നോർക്ക റൂട്ട്സിന്റെ ഹെഡാഫീസിലും എറണാകുളം , കോഴിക്കോട് റീജണൽ ഓഫീസുകളിലും സെപ്റ്റംബർ ഒന്ന് മുതൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 7 | 24-11-2008 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

ചോദ്യം:
ശ്രീ.പി.ജയരാജൻ :
ശ്രീ.സി.കെ.പി.പത്മനാഭൻ :
ശ്രീ.എം.പ്രകാശൻ മാസ്റ്റർ :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.കെ.വി.കുഞ്ഞിരാമൻ :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). കണ്ണൂർ വിമാനത്താവളം ആരംഭിക്കുന്നതിനായി ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എ) സംസ്ഥാന സർക്കാർ 17..01..1998-ൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്കുള്ള ഭരണാനുമതി നൽകി. പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി കിൻഫ്രയെ നിയമിക്കുകയും ചെയ്തു. തുടർന്ന് 2200 ഏക്കർ ഭൂമി കണ്ണൂർ വിമാനത്താവള പദ്ധതിക്കായി ഏറ്റെടുക്കുവാൻ അനുമതി നൽകി.

കേന്ദ്ര ആഭ്യന്തര വ്യോമയാന മന്ത്രാലയം 19..02..2008-ൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള തത്വാധിഷ്ഠിത അനുമതി നൽകി.

വിമാനത്താവള പദ്ധതി BOO മോഡലിൽ നിർമ്മിക്കുവാനും 26% സർക്കാരും 74% സ്വകാര്യ കൂട്ടു പങ്കാളിയുടെ മുതൽ മുടക്കിലുമായി ഒരു കമ്പനി രൂപീകരിക്കുവാനും അനുമതി നൽകി. ഈ കൂട്ടു പങ്കാളിയെ തെരഞ്ഞെടുക്കുന്നത് മത്സരാടിസ്ഥാനത്തിലുള്ള സുതാര്യമായ ആഗോള ടെണ്ടർ നടപടികളിലൂടെ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എയർ ഇൻഡ്യയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി വിരമിച്ച ശ്രീ.വി.തുളസിദാസിനെ IAS (Retd) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ മുഴുവൻ സമയ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലമെടുപ്പ് ജോലികൾ നടന്നുവരുന്നു.

വിമാനത്താവള പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി മട്ടന്നൂരും, കണ്ണൂരും ഓരോ ഓഫീസുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.വിമാനത്താവളത്തിന് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു.

(ബി). സ്ഥലം ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി). കണ്ണൂർ വിമാനത്താവള പദ്ധതിയുടെ നടത്തിപ്പിലേക്ക് മൊത്തം 2200 ഏക്കർ ഭൂമി Fast Track Scheme-ൽ പ്പെടുത്തി അക്വയർ ചെയ്യാനാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിൽ 192.18 ഏക്കർ ഭൂമി കൈവശം എടുത്തുകഴിഞ്ഞു.

1091.82 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. 723.78 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 4(1) വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി). പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(സി). കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ സഹായങ്ങൾ ഒന്നും നൽകുന്നതല്ല.

(ഡി). പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം നേടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി ആഗോള ടെണ്ടർ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി).ഉണ്ട്

(ഇ). പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഇ ). ഭൂമി വില ഉൾപ്പെടാതെ 930 കോടി രൂപയുടെ മുതൽ മുടക്കാണ് പ്രതീക്ഷിക്കുന്നത്.

(എഫ്). സ്ഥലം ഏറ്റെടുക്കുമ്പോൾ ഉടമകൾക്കു നൽകുന്ന ആനുകൂല്യങ്ങളുടെ പാക്കേജ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

(എഫ്).ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമകൾക്കായി കേരള സർക്കാർ ഒരു പുനരധിവാസ പദ്ധതി സ.ഉ.(എം.എസ്)നമ്പർ.07/2008/ഗതാഗതം തീയതി 01..02..2008 പ്രകാരം താഴെപറയും വിധം ആവിഷ്കരിച്ചിട്ടുണ്ട്.

1. ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൻകീഴിൽ ഉഭയ സമ്മതപ്രകാരമുള്ള ചർച്ച നടത്തി വില നിശ്ചയിക്കുന്നതാണ്.
2. കുടി ഒഴിപ്പിക്കപ്പെടുന്ന വീട്ടുകാർക്ക് 10 സെന്റ് വീതം ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതാണ്.

3. പുനരധിവാസത്തിനായി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനുള്ള ചിലവ് വഹിക്കുന്നതാണ്.
4. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം സമീപ പ്രദേശത്തുതന്നെ ഉറപ്പുവരുത്തുന്നതാണ്.
5. കെട്ടിടങ്ങൾ പൊളിച്ച് ഉപയോഗയോഗ്യമായ സാധനങ്ങൾ വില ഈടാക്കാതെ തന്നെ കൊണ്ടുപോകാൻ അനുവദിക്കുന്നതാണ്.
6. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് എല്ലാത്തരം ജംഗമ വസ്തുക്കളും കൊണ്ടുപോകാനുള്ള പൂർണസ്വാതന്ത്ര്യം ഉറപ്പാക്കുന്നതാണ്.
7. ഏറ്റെടുക്കുന്ന ഭൂമിയിലെ വീട്, കിണർ മറ്റുള്ള ചമയങ്ങൾ എന്നിവയ്ക്ക് 2008-ൽ വില നിശ്ചയിച്ച മൂല്യം 50% വർദ്ധിപ്പിച്ച് നൽകുന്നതാണ്.
8. കൃഷിഭൂമിയിലെ വിളവുകൾ വസ്തു കൈവശം വിട്ടുകൊടുക്കുന്നതിനു മുൻപ് ഉടമയ്ക്കു തന്നെ എടുക്കുന്നതിനുള്ള പൂർണ്ണമായ അവകാശം ഉണ്ടായിരിക്കുന്നതാണ്.
9. നിർദ്ദിഷ്ട എയർപോർട്ടിലോ , അനുബന്ധ സ്ഥാപനങ്ങളിലോ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് അയാളുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8 — 24.11.2008 ൽ മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി പദ്ധതി

ചോദ്യം

ശ്രീ. സി.എം. ദിനേശ് മണി ;
ശ്രീ. എം.ജെ. ജേക്കബ് ;
ശ്രീ. എം.എം. മോനായി ;
ശ്രീ. എം.കെ. പുരുഷോത്തമൻ ;
ശ്രീ. എം.എം. യൂസഫ് ;

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

എ) സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് വേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

1) സർക്കാർ തലത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി തുടർച്ചയായി മീറ്റിംഗുകൾ നടത്തുന്നുണ്ട്.

2) പ്രത്യേക സാമ്പത്തികമേഖല പദവി ലഭിച്ചതിനെ തുടർന്ന് 132 ഏക്കർ സ്ഥലം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും വിമുക്തമാക്കി.

3) വൈദ്യുതി, ജലം എന്നിവ സ്മാർട്ട് സിറ്റി പ്രദേശത്ത് നൽകുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. PWD റോഡ് ഇംപ്രൂവ് ചെയ്യുവാനുള്ള പണികൾ ചെയ്തുവരുന്നു.

4) ബ്രഹ്മപുരത്ത് സ്മാർട്ട് സിറ്റിക്കായി നൽകിയിരിക്കുന്ന സ്ഥലത്തിന്റെ മധ്യേ പോകുന്ന PWD റോഡ് ഡൈവേർട്ട് ചെയ്തു. KSEB യുടെ ഇൻസ്റ്റലേഷൻസ് മാറ്റി സ്ഥാപിച്ചു. 19 സെന്റ് പട്ടയ ഭൂമി അക്വയർ ചെയ്ത് സ്മാർട്ട് സിറ്റിക്ക് കൊടുത്തു. 100.65 ഏക്കർ സ്ഥലം ഒരു പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുന്നതിന് അനുയോജ്യം. ആക്കുവാൻവേണ്ട നടപടികൾ എടുത്തുവരുന്നു.

5) പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുത്തപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കി.

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) മാസ്റ്റർ പ്ലാനിന് സ്മാർട്ട് സിറ്റിയുടെ ബോർഡ് ആണ് അംഗീകാരം നല്കേണ്ടത്. മാസ്റ്റർ പ്ലാനിന്റെ രൂപകല്പന പുരോഗമിച്ചു വരുന്നു.

(സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ?

(സി) 132 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖല അനുമതി ലഭിച്ചതിനെ തുടർന്ന് ഈ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടത്തേണ്ടതായിട്ടുണ്ട്. അതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സോയിൽ സർവ്വെ, പൈലിംഗ് തുടങ്ങിയവ പുരോഗമിച്ചു വരുന്നു.

[signature]

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 9.

24..11..2008-ൽ മറുപടിക്ക്

## സംസ്ഥാനത്തെ പാൽ ഉപഭോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ എം.എൽ.എ. | ശ്രീ. സി. ദിവാകരൻ.<br>(ഭക്ഷ്യ-സിവിൽ സപ്ലൈസ്<br>മൃഗസംരക്ഷണ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപഭോഗത്തിനായി എത്ര ലിറ്റർ പാൽ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ദിവസംപ്രതി എത്ര;<br><br>(ബി) സംസ്ഥാനത്ത് ദിനംപ്രതി ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്ര; | (എ) & (ബി) 2007-ലെ ഇക്കണോമിക് റിവ്യൂ പ്രകാരം സംസ്ഥാനത്ത് ദിനം പ്രതി ഉപയോഗത്തിനായി 67 ലക്ഷം ലിറ്റർ പാലും പ്രതിദിന ഉൽപ്പാദനം 58 ലക്ഷം ലിറ്റർ പാലുമാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഇത് ഇപ്പോൾ യഥാക്രമം 70 ലക്ഷം ലിറ്ററും 62.5 ലക്ഷം ലിറ്ററുമാണ്. |
| (സി) കൂടുതലായി വേണ്ടിവരുന്ന പാൽ എവിടെ നിന്നാണ് ലഭ്യമാക്കുന്നത്; | (സി) സംസ്ഥാനത്ത് ഉപഭോഗത്തിനായി അധികം വേണ്ടിവരുന്ന പാൽ കർണ്ണാടക മിൽക്ക് ഫെഡറേഷനിൽ നിന്നും മറ്റുമാണ് ലഭ്യമാക്കുന്നത്. |
| (ഡി) സംസ്ഥാനത്ത് പാലിന്റെ ഉപഭോഗവും ഉല്പാദനവും തുല്യമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;<br><br>(ഇ) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ഡി), (ഇ) & (എഫ്) ഉണ്ട്. ഉപഭോഗത്തിന് അനസൃതമായി ഉല്പാദനം വർദ്ധിപ്പിച്ച് പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകളും മിൽമയും കെ.എൽ.ഡി. ബോർഡും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു:- |

(എഫ്) ഇല്ലെങ്കിൽ പാലിന്റെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ എന്തൊക്കെ നടപടികൾ എടുക്കുമെന്ന് വ്യക്തമാക്കാമോ?

1. പശുഗ്രാമം.
2. മിൽക്ക് ഷെഡ് വികസനം.
3. തീറ്റപ്പുൽകൃഷി വികസനവും വിജ്ഞാന വ്യാപനവും ബോധ വൽക്കരണവും.
4. സുനാമി പുനരധിവാസത്തിന്റെ ഭാഗമായിട്ടുള്ള ക്ഷീര വികസന പദ്ധതി.
5. കാലിരോഗ നിർമ്മാർജ്ജനം.
6. ഗോസുരക്ഷ.
7. ക്ഷീരധാര.
8. പ്രത്യേക കന്നുകുട്ടി പരിപാലനം,
9. കാഫ് കെയർ കിറ്റുകളുടെ വിതരണം.
10. അകിട് വീക്ക രോഗ നിയന്ത്രണവും, വന്ധ്യതാ നിവാരണവും.
11. ഗർഭിണി/കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന് തുടങ്ങിയവ വിതരണം ചെയ്യൽ.
12. വിദർഭ പാക്കേജ്.
13. മുന്തിയയിനം വിത്തുകാളകളുടെ ഇറക്കുമതി.
14. ക്ഷീരദീപം

ഇവയ്ക്കു പുറമേ കേരള ക്ഷീരകർഷക ക്ഷേമ നിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് കുടുംബ പെൻഷൻ, അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം, അംഗങ്ങൾ മരിച്ചാൽ മരണാനന്തര ചടങ്ങിനുള്ള ധനസഹായം, അംഗങ്ങൾക്കുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി എന്നിവ ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് പുതിയ കന്നുകാലി പ്രജനന നയവും രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഉല്പാദനം വർദ്ധിപ്പിച്ച് പ്രാദേശിക പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനായി 3..10..2008 മുതൽ പാലിന്റെ വില്പന വില 19 രൂപയിൽ നിന്നും 20 രൂപയായി മിൽമ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ ഇപ്പോൾ പാൽ സംഭരണ റൂട്ടിൽ ഉൾപ്പെടാത്തതും പാൽ സംഭരണം കുറവുള്ളതുമായ സംഘങ്ങളിൽ നിന്നും പാൽ സംഭരിക്കുന്ന

തിന് കൂടുതൽ മിൽക്ക് റൂട്ടുകൾ മിൽമ ആരംഭിച്ചിട്ടുള്ളതിനാൽ പാൽ സംഭരണം വർദ്ധിക്കുന്നതാണ്. പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ക്ഷീര കർഷകരുടെ പശുക്കൾക്ക് ചികിത്സ, കൃത്രിമ ബീജ ദാന സൗകര്യം, ഇൻഷ്വറൻസ് പരിരക്ഷ, കർഷക അപകട ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 10

24.11.2008-ൽ
മറുപടിക്ക്

### <u>റേഷൻ കാർഡ് വിതരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>" സി.കെ. സദാശിവൻ<br>" സാജു പോൾ<br>" കെ.വി. കുഞ്ഞിരാമൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) പുതിയ റേഷൻ കാർഡ് വിതരണത്തിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (എ) പുതിയ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഗൃഹനാഥന്റെ ഫോട്ടോ എടുക്കുന്ന ജോലിയും, ഡാറ്റാ എൻട്രി ജോലിയും റേഷൻ കാർഡുകളുടെ ഇന്നർ ഷീറ്റിന്റെ അച്ചടിയുമെല്ലാം പൂർത്തിയായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്ന് എ.പി.എൽ/ബി.പി.എൽ ഗുണഭോക്താക്കളുടെ സർവ്വേ നടത്തി തരം തിരിച്ച് ലിസ്റ്റ് കിട്ടാനുണ്ടായ കാലതാമസം മൂലമാണ് പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ താമസമുണ്ടായത്. മേൽ സാഹചര്യത്തിൽ നിലവിലുള്ള ബി.പി.എൽ/എ.പി.എൽ ലിസ്റ്റു പ്രകാരം പുതിയ റേഷൻ കാർഡുകൾ വിതരണം ഉടൻ ആരംഭിക്കുന്നതുമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും എ.പി.എൽ/ബി.പി.എൽ ഗുണഭോക്താക്കളുടെ പുതുക്കിയ ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് റേഷൻ കാർഡിൽ ആവശ്യമായ മാറ്റം വരുത്തുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പുതിയ റേഷൻ കാർഡിൽ നിലവിലുള്ള റേഷൻ കാർഡിൽ ഉള്ളതിനേക്കാൾ എന്തെല്ലാം അധിക വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | പുതിയ റേഷൻ കാർഡിൽ ഗൃഹനാഥന്റെ ഫോട്ടോ ഉൾപ്പെടുത്തി ലാമിനേറ്റ് ചെയ്താണ് നൽകുന്നത്. തുടർന്നുള്ള തിരുത്തലുകളും കമ്പ്യൂട്ടറിലൂടെ പ്രിന്റ് ചെയ്താണ് നൽകുക. കൂടാതെ ബാർകോഡിംഗ് റേഷൻ കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കളുടെ അവകാശങ്ങളിന്മേലുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരോഗ്യ കേരളത്തിന്റെ പരസ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റേഷൻ കാർഡ് ഇല്ലാത്തവർക്ക് ഇപ്പോൾ പുതുതായി റേഷൻ കാർഡ് അനുവദിക്കുന്നുണ്ടോ; | (സി) | നിലവിലുള്ള റേഷൻ കാർഡിലെ വിവരങ്ങൾ കെൽട്രോൺ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്. തന്മൂലം പേര് വെട്ടിക്കുറച്ച് പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതുമൂലം ഡ്യൂപ്ളിക്കേഷന് കാരണമാകാവുന്നതാണ്. എന്നാൽ നിലവിൽ ഒരു കാർഡിലും പേരില്ലാത്തവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷിച്ചാൽ പുതിയ കാർഡുകൾ നൽകുന്നതാണ്. കൂടാതെ ഒരു കാർഡിലെ മുഴുവൻ അംഗങ്ങളെയും വെട്ടിക്കുറച്ച് സർട്ടിഫിക്കറ്റ് നൽകുന്നതും അതുപ്രകാരം പുതിയ കാർഡുകൾ നൽകണമെന്ന അപേക്ഷയും പരിഗണിക്കുന്നുണ്ട്. |
| (ഡി) | പുതിയ റേഷൻ കാർഡ് എന്ന് വിതരണം ചെയ്യാൻ കഴിയും എന്ന് അറിയിക്കുമോ? | (ഡി) | പുതിയ റേഷൻ കാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം ഡിസംബറിൽ നടത്തുവാൻ തിരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11

24/11/2008-ൽ മറുപടിക്ക്

## വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള:<br>ശ്രീ. പി.ജെ. ജോസഫ് : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തിനുള്ള വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്ന് ഉറപ്പു ലഭിച്ചിട്ടുണ്ടോ ; പ്രതി മാസം എത്ര ടൺ അരിയാണ് ലഭി ക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വ കക്ഷി നിവേദക സംഘത്തിന് റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച് അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാന മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. എ.പി.എൽ പദ്ധതി പ്രകാരം പ്രതിമാസം 1,13,420 മെ.ടൺ അരി നൽകിയിരുന്നതിൽ 2007 ഏപ്രിൽ മുതൽ 21,334 മെ.ടണ്ണും 2008 ഏപ്രിൽ മുതൽ 17,056 മെ.ടണ്ണും അരി നൽകി വരുന്നു. ബി.പിഎൽ പദ്ധതി പ്രകാരം 26,566 മെ.ടൺ അരിയും എ.എ.വൈ പദ്ധതി പ്രകാരം 20,855 മെ. ടൺ അരിയും അന്ന പൂർണ്ണാ പദ്ധതി പ്രകാരം 450 മെ.ടൺ അരി യും അനുവദിച്ചു കിട്ടുന്നുണ്ട്. കൂടാതെ അഡീഷണൽ അലോട്ട്മെന്റായി ഡിസംബർ 2008 മുതൽ മാർച്ച് 2009 വരെ പ്രതിമാസം 11,000 മെ.ടൺ അരിയും അനുവദിച്ചിട്ടുണ്ട്. |
| ബി) എ.പി.എൽ. വിഭാഗത്തിന് റേഷൻ കാർഡൊന്നിന് പ്രതിമാസം എത്ര കിലോ അരിയ്ക്കാണ് അർഹതയു ള്ളത് ; ഇപ്പോൾ എത്ര കിലോ അരി നൽകുന്നുണ്ട്; | (ബി) എ.പി.എൽ. വിഭാഗത്തിന് കാർഡൊന്നിന് പ്രതിമാസം 27 കിലോഗ്രാം അരി ഉൾപ്പെടെ 35 കി.ഗ്രാം ഭക്ഷ്യധാന്യത്തിന് അർഹതയുണ്ട്. എന്നാൽ എ.പി.എൽ. അലോട്ട്മെന്റ് കേന്ദ്ര ഗവൺമെന്റ് ഘട്ടംഘട്ടമായി വെട്ടിച്ചുരുക്കിയ തിനാൽ എ.പി.എൽ കാർഡൊന്നിന് ഇപ്പോൾ പ്രതിമാസം 8 കി.ഗ്രാം അരി നൽകാൻ കഴി യുexcept. |

സി) സംസ്ഥാനത്തിന് ആവശ്യമുള്ളയത്ര മണ്ണെണ്ണ, പാചകവാതകം എന്നിവ ലഭിക്കുന്നുണ്ടോ ; കാർഷികാവശ്യങ്ങൾ, മത്സ്യബന്ധനം, കുക്കിംഗ് എന്നിവയ്ക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയിൽ നിയന്ത്രണമുണ്ടോ എന്ന് വ്യക്തമാക്കാമോ ?

(സി) സംസ്ഥാന ആവശ്യകത അനുസരിച്ച് മണ്ണെണ്ണയും പാചക വാതകവും ലഭിക്കുന്നില്ല. വിളക്കു കത്തിക്കുന്നതിനും പാചക ആവശ്യത്തിനുമാണ് കേന്ദ്ര സർക്കാർ പൊതു വിതരണത്തിനായി മണ്ണെണ്ണ നൽകുന്നത്. ഇതിൽ നിന്നുമാണ് കാർഷികാവശ്യത്തിനും മത്സ്യബന്ധനത്തിനും സംസ്ഥാന സർക്കാർ മണ്ണെണ്ണ വിതരണം നടത്തുന്നത്. കാർഷികാവശ്യത്തിനും മത്സ്യബന്ധനത്തിനും പ്രത്യേക ക്വോട്ട ഇല്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 12 | 24.11.2008 -ൽ മറുപടിയ്ക്ക്

## ഇ.എഫ്.എൽ നിയമപ്രകാരം ഏറ്റെടുത്ത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, എം. ചന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, പി. കൃഷ്ണപ്രസാദ്<br>ശ്രീമതി. കെ.എസ്. സലീഖ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള വനം(പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വവും നടത്തിപ്പും) നിയമപ്രകാരം എത്ര ഹെക്ടർ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം 2003-ലെ കേരള വനം(പരിസ്ഥിതിശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വവും നടത്തിപ്പും) നിയമത്തിലെ സെക്ഷൻ 3(1) പ്രകാരം 1778.062 ഹെക്ടർ (4393.5912 ഏക്കർ) സ്ഥലം വിവിധ വിജ്ഞാപനങ്ങളിലൂടെ ഏറ്റെടുത്തിട്ടുണ്ട്. സെക്ഷൻ 4(1) പ്രകാരം ഇതുവരെ ഒരു സ്ഥലവും ഏറ്റെടുത്തിട്ടില്ല. |
| (ബി) ഇ.എഫ്.എൽ നിയമപ്രകാരം സംസ്ഥാനത്തൊട്ടാകെ എത്ര ഏക്കർ ഭൂമി നോട്ടിഫൈ ചെയ്തിട്ടുണ്ട്; | (ബി) 2003-ലെ ഇ.എഫ്.എൽ നിയമപ്രകാരം സംസ്ഥാനത്തൊട്ടാകെ നാളിതുവരെയായി 37389.643 ഏക്കർ ഭൂമി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത നിയമത്തിൽ എന്തെങ്കിലും അപാകതയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി)യും (ഡി)യും<br>പ്രസ്തുത നിയമം നടപ്പാക്കുന്ന അവസരങ്ങളിൽ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ഡി) നിയമത്തിലെ അപാകത പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 13 — 24/11/2008 - ൽ മറുപടിക്ക്

**അരി വില വർദ്ധിക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ :<br>ശ്രീ. എ.സി.മൊയ്തീൻ :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) എ.പി.എൽ. വിഭാഗത്തിനുള്ള റേഷനരി പൂർണ്ണമായും നിർത്തലാക്കിയ കേന്ദ്രസർക്കാർ നടപടിക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) എ.പി.എൽ വിഭാഗത്തിലുള്ള റേഷനരി പ്രതിമാസം 1,13,420 മെട്രിക് ടൺ നൽകിയിരുന്നത് 17,056 മെ.ടണ്ണായി കുറച്ചിരിക്കുകയാണ്. എന്നാൽ ഡിസംബർ 2008 മുതൽ മാർച്ച് 2009 വരെ 11,000 മെ.ടൺ അരി താൽക്കാലിക അലോട്ട്മെന്റായി നൽകുന്നുണ്ട്. എ.പി.എൽ റേഷനരി വെട്ടിക്കുറച്ച നടപടി പുന:പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും പ്രതിപക്ഷ നേതാവും ഉൾപ്പെട്ട സർവ്വ കക്ഷിസംഘം പ്രധാന മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മറ്റു മന്ത്രിമാരും ജന പ്രതിനിധികളും കേന്ദ്രഗവൺമെന്റിന്റെ നടപടികൾക്കെതിരെ ഡൽഹിയിൽ പോയി ധർണ്ണ ഉൾപ്പെടെയുള്ള പ്രതിഷേധപ്രകടനം നടത്തുകയുണ്ടായി. റേഷൻ കടകൾ വഴി 10 കിലോ കുത്തരി 16 രൂപാ നിരക്കിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ കുത്തരി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം എത്ര ക്വിന്റൽ അരി ഈ വർഷം വിതരണം ചെയ്തു എന്ന് അറിയിക്കുമോ ; | (ബി) നടപ്പു സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്തംബർ വരെ എ.പി.എൽ പദ്ധതി പ്രകാരം കിലോഗ്രാമിന് 8.90/- രൂപ നിരക്കിൽ 22,522 മെ.ടൺ കുത്തരിയും ഏപ്രിൽ മുതൽ ജൂൺ വരെ ബി.പി.എൽ കാർഡുകൾക്ക് 3/- രൂപാ നിരക്കിൽ 6300 മെ.ടൺ കുത്തരിയും എ.എ.വൈ പദ്ധതി പ്രകാരം കിലോഗ്രാമിന് 3/- രൂപാ നിരക്കിൽ 7067 മെ.ടൺ കുത്തരിയും വിതരണം നടത്തിയിരുന്നു. |

(സി) പൊതുവിപണിയിൽ അരി വില വർദ്ധിക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പൊതു വിപണിയിലെ അരി വില വർദ്ധന നിയന്ത്രിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ അരി വിപണിയിലെത്തിച്ചിട്ടുണ്ട്. സപ്ലൈക്കോയുടെ ആഭിമുഖ്യത്തിൽ പ്രത്യേക അരിക്കടകൾ വഴി 13.50 രൂപ നിരക്കിൽ പച്ചരിയും 14 രൂപ നിരക്കിൽ പുഴുക്കലരിയും വിതരണം ചെയ്യിട്ടുണ്ട്. കൂടാതെ കിലോഗ്രാമിന് 16 രൂപാ നിരക്കിൽ കുത്തരി റേഷൻ കടകൾ വഴിയും സപ്ലൈക്കോ വിപണന കേന്ദ്രങ്ങൾ വഴിയും വിതരണം നടത്തിയിട്ടുണ്ട്.

(ഡി) എ.പി.എൽ. വിഭാഗത്തിന് ഇപ്പോൾ നൽകി വരുന്ന റേഷൻ വിഹിതം എങ്ങനെയാണ് ;

(ഡി) എ.പി.എൽ. വിഭാഗത്തിന് കാർഡൊന്നിന് പ്രതിമാസം 27 കി.ഗ്രാം അരി ഉൾപ്പെടെ 35 കി.ഗ്രാം. ഭക്ഷ്യധാന്യത്തിന് അർഹതയുണ്ടെങ്കിലും ഇപ്പോൾ പ്രതിമാസം 8 കി.ഗ്രാം അരി ഉൾപ്പെടെ 10 കി.ഗ്രാം ഭക്ഷ്യധാന്യം വീതം നൽകി വരുന്നു.

(ഇ) ഭക്ഷ്യ ധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ മറ്റ് വകുപ്പുകളുമായി ചേർന്ന് പൊതു വിപണിയിലും ഗോഡൗണുകളിലും നിരന്തരം റെയ്ഡുകൾ നടത്തുകയും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷൻ അദാലത്തുകളും പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും ഒരു പരിധി വരെ തടയാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 14 — 24.11.2008 ൽ മറുപടിയ്ക്ക്

## ഐ.ടി. കമ്പനികളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ് ;<br>ശ്രീ. ബാബു പോൾ ;<br>ശ്രീ. വി.എസ്. സുനിൽ കുമാർ ;<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ; | ശ്രീ. വി.എസ്. അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ലോക സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;<br><br>ബി) ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; ഇതിന്റെ ഭാഗമായി ഈ മേഖലയിൽ ഇതുവരെ എത്രപേർ പിരിച്ചുവിടലിന് വിധേയരായി ; | (എ) യും (ബി) യും<br><br>ലോക സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടെന്ന് കാലക്രമേണ മാത്രമെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.<br><br>പ്രവർത്തന മികവും കാര്യക്ഷമതയും അടിസ്ഥാനമാക്കിയുള്ള മൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള ശമ്പളം വെട്ടിക്കുറയ്ക്കലും പിരിച്ചുവിടലും തിരുവനന്തപുരം ടെക്നോപാർക്കിലെ ചില കമ്പനികൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ ഈ കമ്പനികൾക്ക് ബാധകമാക്കി-യിട്ടുണ്ടോ ; ഇല്ലെങ്കിൽ പുതിയ നിയന്ത്രണങ്ങളും നിയമങ്ങളും ഏർപ്പെടുത്തുന്നതിനുദ്ദേശി-ക്കുന്നുണ്ടോ ; | സി) സംസ്ഥാന തൊഴിൽ നിയമങ്ങൾ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കും ബാധകമാണ്. പക്ഷേ ഐ.ടി. മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് തൊഴിൽ പ്രശ്നങ്ങൾ പഠിക്കുവാനും നിർദ്ദേശങ്ങൾ നല്കുവാനും ഒരു കമ്മിറ്റി രൂപീകരിക്കുവാൻ സർക്കാർ ആലോചിച്ചിട്ടുണ്ട്. |
| ഡി) സംസ്ഥാനത്തെ ഐ.ടി. കമ്പനികളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | ഡി) ഐ.ടി. മേഖലയിലെ കമ്പനി മേധാവികളുമായി 13.11.2008 ൽ നടത്തിയ ചർച്ചകളിലെ തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *15 — 24/11/2008ന് മറുപടിക്ക്

## "മലയാളം മിഷൻ" രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.എം.ഹംസ :<br>ശ്രീ.എ.സി.മൊയ്തീൻ :<br>പ്രൊഫ.സി.രവീന്ദ്രനാഥ് : | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനുമായി ഔദ്യോഗിക ഭാഷാ വകുപ്പിന്റെ കീഴിൽ "മലയാളം മിഷൻ" രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | (ബി) പ്രൊഫ.ഒ.എൻ.വി.കുറുപ്പ് ചെയർമാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) "മലയാളം മിഷൻ" കേന്ദ്രങ്ങൾ ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിക്കുന്നത്; | (സി) മലയാളം മിഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ ഇതുവരെയും തീരുമാനമായിട്ടില്ല. |

(ഡി) ഡൽഹിയിലും സമീപപ്രദേശങ്ങളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് സൗകര്യം നൽകുന്നതിനായി ആരംഭിച്ച മലയാള ഭാഷാ പഠനകേന്ദ്രത്തിന്റെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) ഉണ്ട്. ഡൽഹിയിലും സമീപപ്രദേശങ്ങളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനുമായി നിലവിൽ ഡൽഹിയിൽ 130തോളം മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2500-ലേറെ വിദ്യാർത്ഥികൾ ഈ കേന്ദ്രങ്ങളിൽ ഇപ്പോൾ പഠിക്കുന്നുണ്ട്. മലയാളം തീരെ വശമില്ലാത്ത കുട്ടികൾക്കുവേണ്ടിയുള്ള പ്രാഥമിക തലത്തിലുള്ള "മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്" മലയാളം പറയാൻ കഴിയുമെങ്കിലും എഴുതാനും വായിക്കുവാനും അറിയാത്ത കുട്ടികൾക്കുവേണ്ടി മദ്ധ്യതലത്തിലുള്ള "മലയാളം ഡിപ്ലോമ കോഴ്സ്" മലയാളം പറയുവാനും എഴുതുവാനും വായിക്കുവാനും കഴിയുന്ന കുട്ടികൾക്കുവേണ്ടി ഉന്നതതലത്തിലുള്ള "മലയാളം ഹയർ ഡിപ്ലോമ കോഴ്സ്" എന്നിങ്ങനെ ഒരു വർഷം വീതം ദൈർഘ്യമുള്ള മൂന്ന് കോഴ്സുകൾ ഈ കേന്ദ്രങ്ങളിൽ ഉണ്ട്. 2007-ലും 2008-ലുമായി ഭാഷാ പഠന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുകയും വിജയികളായ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുമുണ്ടായി. മലയാളം മിഷൻ നിലവിൽ വരുമ്പോൾ ഡൽഹിയിലെ മലയാള ഭാഷാ പഠനകേന്ദ്രങ്ങളും മിഷന്റെ കീഴിലായിരിക്കും പ്രവർത്തിക്കുക.

[signature]

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.16 24.11.2008 ൽ മറുപടിക്ക്

## ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ.<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. ടി പി. കുഞ്ഞുണ്ണി : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ ) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉപഭോക്താക്കളിൽ നിന്ന് മുൻകൂറായി വില്പനവില ഘട്ടങ്ങളിലായി സമാഹരിച്ച് ഭവന/വാണിജ്യ സമുച്ചയ പദ്ധതികൾ (പാരസ്പര്യ പദ്ധതി) നടപ്പിലാക്കി വരുന്നു.<br>i) ഇതനുസരിച്ച് താഴെ പറയുന്ന പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>1. ജഗതി ഭവന പദ്ധതി, തിരുവനന്തപുരം<br>2. പണ്ഡിറ്റ്സ് കോളനി (എക്സ്റ്റൻഷൻ ഭവന പദ്ധതി), തിരുവനന്തപുരം<br>3. പി.ടി.ചാക്കോനഗർ, ( ഉള്ളൂർ) തിരുവനന്തപുരം<br>4. പട്ടം കൊമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി. തിരുവനന്തപുരം<br>5. പനമ്പിള്ളി നഗർ ഭവന പദ്ധതി, കൊച്ചി<br>6. കുമാരനാശാൻ നഗർ ഭവന പദ്ധതി, കൊച്ചി<br>കൂടാതെ തിരുവനന്തപുരത്ത് അമ്പലനഗർ, ആക്കുളം, എറണാകുളത്ത് തൃക്കാക്കര. തൃശൂരിൽ ചാലക്കുടി, കോഴിക്കോട്ട് ദേവഗിരി ലം, കോട്ടയത്ത് പാലാ എന്നിവിടങ്ങളിൽ ഭവന/വാണിജ്യ സമുച്ചയപദ്ധതികൾ പാരസ്പര്യ പദ്ധതിയായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

ii) കോഴിക്കോട്, കട്ടപ്പന, പള്ളുരുത്തി എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായം ഉപയോഗിച്ച് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾക്കുള്ള നടപടികൾ എടുത്തു വരുന്നു.

iii) പട്ടികജാതി വികസന വകുപ്പിനു വേണ്ടി ഏഴു ജില്ലകളിലായി 1816 വീടുകളുടെ നിർമ്മാണം ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

iv) വയനാട് പ്രാക്തന ഗോത്ര വിഭാഗക്കാർക്കു വേണ്ടി 201 വീടുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു.

v) സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ ഭവന നിർമ്മാണ ബോർഡിനെ നിയമിക്കുകയും സംസ്ഥാനത്തൊട്ടാകെ 1204 വീടുകളുടെ നിർമ്മാണം ബോർഡ് നേരിട്ടു ഏറ്റെടുത്തു നടത്തി വരികയും ചെയ്യുന്നു.

vi) നഗര പ്രദേശങ്ങളിലേയ്ക്ക് കുടിയേറി പാർക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് താമസിക്കുന്നതിനുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിലേയ്ക്കായി (ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം)2008-2009 ലെ സർക്കാർ ബഡ്ജറ്റിലൂടെ 250 ലക്ഷം രൂപ ബോർഡിനു വകയിരുത്തി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

vii) കൊച്ചിയിൽ മറൈൻ ഡ്രൈവിലും കോഴിക്കോട്ട് മെഡിക്കൽ കോളേജിനു സമീപവും തിരുവനന്തപുരത്ത് ആക്കുളത്തും. ബോർഡ് പബ്ലിക്-പ്രൈവറ്റ് പാർട്ടനർഷിപ്പിലൂടെ. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞു വരുന്നു.

viii) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണാവശ്യങ്ങൾ നിറവേറ്റാൻ അവയുടെ ടെക്നിക്കൽ കൺസൾട്ടൻസ് ജോലികളും/ഡിപ്പോസിറ്റ് വർക്കുകളും, പൊതു മരാമത്തു വകുപ്പിന്റെ 'എ' ക്ലാസ് കോൺട്രാക്ട്

മെയിന്റനൻസ് വർദ്ധിപ്പിച്ചതുമൂലം സർക്കാർ/അർദ്ധ സർക്കാർ /പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണ ടെൻഡർ/ മറ്റ് ജോലികളും ബോർഡ് ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്.

ix) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി ഒരു സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കാനുള്ള നടപടി എടുത്തു വരുന്നു.

ബി) ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി ഫ്ളാറ്റുകളും മറ്റും നിർമ്മിക്കുന്ന പദ്ധതി വിജയകരമാണോ എന്ന് വ്യക്തമാക്കുമോ;

ബി) ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനു വേണ്ടി (പാരസ്പര്യ പദ്ധതി) തിരുവനന്തപുരത്ത് പണ്ടാറ്റ്സ് കോളനിയിൽ (എക്സ്റ്റൻഷൻ) പദ്ധതി (കവടിയാർ ഹൈറ്റ്സ്) ആവിഷ്കരിച്ച് പൊതുജനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ക്ഷണിച്ചിട്ടുള്ള 5 ഫ്ലാറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുകയും പുനർ പരസ്യം നൽകി കൂടുതൽ പേരെ രജിസ്റ്റർ ചെയ്യിക്കാനും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു.

സി ) ഭവന നിർമ്മാണ ബോർഡിന്റെ വിറ്റഴിയാതെ കിടന്നിരുന്ന ഫ്ളാറ്റുകളും മറ്റും വില്പന നടത്താൻ കഴിഞ്ഞിട്ടുണ്ടോ?

സി) ഭവന നിർമ്മാണ ബോർഡിന്റെ വിറ്റഴിയാതെ കിടന്നിരുന്ന 517ഫ്ലാറ്റുകളും, 590 വീടുകളും, 201 പ്ലോട്ടുകളും ഉണ്ടായിരുന്നതിൽ 457 ഫ്ലാറ്റുകളും, 571 വീടുകളും, 198 പ്ലോട്ടുകളും ലേലത്തിലൂടെ വില്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്

Lalitha Bai .O

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 17 24.11.08- ൽ മറുപടിയ്ക്ക്

എം.എൻ.ലക്ഷംവീട് നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ്:<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.ബി.രാഘവൻ : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പു മന്ത്രി) |
| എ) എം.എൻ ലക്ഷംവീട് നവീകരണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് വാസയോഗ്യമാക്കുന്നതിനായി 27.3.2008 ലെ ജി.ഒ (എം.എസ്) നം.3/08/ഭവനം ഉത്തരവു പ്രകാരം എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി എന്ന് നാമകരണം ചെയ്ത ഒരു പുതിയ പദ്ധതിക്ക് ഭരണാനുമതി നൽകി.19.9.2008 ലെ ഉത്തരവ് (എം.എസ്) നം.15/2008/ഭവനം പ്രകാരം പ്രസ്തുത പദ്ധതി "എം.എൻ. ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി" എന്ന് പുനർ നാമകരണം ചെയ്യുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം നിലവിലുള്ള ലക്ഷം വീടുകൾ പുനർ നിർമ്മിക്കുവാൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പൊതു വിഭാഗം കുടുംബങ്ങൾക്ക് 50,000/- രൂപയും പട്ടികജാതി കുടുംബങ്ങൾക്ക് / ശാരീരിക- |

മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക്/ആശ്രയ ഗുണഭോക്താക്കൾക്ക് 75,000/- രൂപയും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 1,00,000/- രൂപയും പരമാവധി സബ്സിഡി അനുവദിക്കുന്നതാണ്. സബ്സിഡിയുടെ 50% സംസ്ഥാന ഗവൺമെന്റ് വിഹിതമായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിക്കുന്നതാണ്. ബാക്കി 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്നതാണ്.

| | |
|---|---|
| ബി) പദ്ധതി നടപ്പാക്കുന്നതിനായി ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) പുനർ നിർമ്മാണം ആവശ്യമുള്ള വീടുകളുടെ ലിസ്റ്റ് ഭവന നിർമ്മാണ ബോർഡിൽ സമർപ്പിക്കുവാൻ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരോടും ഗ്രാമ പഞ്ചായത്തുകളോടും ആവശ്യപ്പെട്ടതനുസരിച്ച് 31.10.2008 വരെ 15052 അപേക്ഷകൾ ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തിയതായി അറിയിച്ചിരുന്ന 184 ഗ്രാമ പഞ്ചായത്തുകളുടെ 8326 അപേക്ഷകൾക്ക് 26.6.2008 ൽ ബോർഡ് അനുമതി നൽകുകയും ഈ വീടുകളുടെ നിർമ്മാണം 31.12.2008 ന് മുമ്പ് പൂർത്തിയാക്കുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിർമ്മാണം പൂർത്തിയായ 2 വീടുകൾക്ക് സബ്സിഡി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപ ആവശ്യമായിവരും എന്ന് കണക്കാക്കി യിട്ടുണ്ടോ ; | സി) ഉണ്ട്. ലക്ഷംവീടുകളുടെ പുനർ നിർമ്മാണം 11-ാം പഞ്ച വത്സര പദ്ധതിയിൽ പൂർത്തിയാക്കു വാനാണ് ലക്ഷ്യമിടുന്നത്. ഇതിലേയ്ക്ക് 178 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിരി ക്കുന്നു. |
| ഡി) വീടുകളുടെ പുനർ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് എങ്ങനെ ലഭ്യമാക്കാ നാണ് ഉദ്ദേശിക്കുന്നത് ; | ഡി) ലക്ഷംവീടുകളുടെ പുനർ നിർമ്മാണത്തിനായി 2007-08 ൽ സർക്കാർ അനുവദിച്ച 17 കോടി രൂപ ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട്. 2008-09 ൽ 5 കോടി രൂപ ബഡ്ജ റ്റിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലക്ഷം വീട് പുനരുദ്ധാരണ വിഷു ബംബർ ലോട്ടറിയിലൂടെ സമാഹരിച്ച 6.16 കോടി രൂപയും ചേർത്ത് ആകെ 28.16 കോടി രൂപ ഈ പദ്ധതിക്കായി ഈ വർഷ ത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കു ന്നു. കൂടാതെ സന്നദ്ധ സംഘടന കൾ, പൊതുജനങ്ങൾ , ധനകാര്യ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ലക്ഷംവീട് പുനർ നിർ മ്മാണ പദ്ധതിയ്ക്കായി സംഭാവന ലഭ്യ മാക്കാനും ഇങ്ങനെ ലഭിയ്ക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺട്രോ ളിംഗ് ഓഫീസറായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിൽ (എസ്.റ്റി.എസ്.ബി 15053) നിക്ഷേ പിച്ച് പദ്ധതി നടത്തിപ്പിനായി ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. |

| | |
|---|---|
| ഇ) ഒരു വീടിന് പരമാവധി ചെലവാകുന്ന തുക എത്രയാണ് ; | ഇ) ഒരു വീടിന്റെ പുനർ നിർമ്മാണ ചെലവ് പരമാവധി ഒരു ലക്ഷം രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. |
| എഫ്) നവീകരണത്തിനുള്ള വീടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; | എഫ്) ഭവന നിർമ്മാണ വകുപ്പിന്റെ 19.9.2008 ലെ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ദാരിദ്ര്യലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തയ്യാറാക്കുന്ന വിവരശേഖരത്തിന്റെ അടിസ്ഥാനത്തിൽ പുനർ നിർമ്മിക്കേണ്ടതായ വീടുകളിൽ താമസിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കേണ്ടതിന്റെ ഭൗതിക ലക്ഷ്യം ജില്ലാടിസ്ഥാനത്തിൽ ഭവന നിർമ്മാണ ബോർഡ് നിശ്ചയിക്കുന്നതാണ്. അതോടൊപ്പം രണ്ടു വിഭാഗങ്ങളിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ വർഷവും ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും ഏറ്റെടുക്കേണ്ട ഭൗതികലക്ഷ്യം എത്രയെന്നും നിശ്ചയിക്കുന്നതാണ്. ഓരോ വർഷവും ഏറ്റെടുക്കേണ്ട വീടുകളുടെ എണ്ണം സംബന്ധിച്ച് ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ച് അറിയിക്കുന്ന ഭൗതിക ലക്ഷ്യത്തിന് അനുസൃതമായി മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. |

ജി) ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ജി) എം.എൻ ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയിൽ, 1972 കാലഘട്ടത്തിൽ സർക്കാർ നിർമ്മിച്ച് നൽകിയ ലക്ഷംവീട് കോളനികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൽ ഇരട്ടവീടുകൾ ഒറ്റവീടാക്കലും ഉൾപ്പെടുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18 | 24.11.2008 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാഴികാടൻ ;<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി ;<br>ശ്രീ. റോഷി അഗസ്റ്റിൻ ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കൊച്ചിയിലെ സ്മാർട്ട്സിറ്റി പദ്ധതി ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ ; നിർദ്ദിഷ്ട പദ്ധതിക്കായുള്ള മുഴുവൻ സ്ഥലവും ഏറ്റെടുത്തുവോ ; ഏറ്റെടുത്ത സ്ഥലത്തെ മുഴുവൻ ജനത്തെയും പുനരധിവസിപ്പിച്ചുവോ ; | എ) | സ്മാർട്ട് സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലുംകൂടി 246 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖല പദവി ലഭിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റിക്ക് നൽകിയിരിക്കുന്ന സ്ഥലങ്ങളുടെ പാട്ടക്കരാർ ഉടൻതന്നെ രജിസ്റ്റർ ചെയ്യുന്നതാണ്. മാസ്റ്റർ പ്ലാൻ രൂപകൽപന പുരോഗമിച്ചുവരുന്നു. വെള്ളം, വൈദ്യുതി മുതലായവ സ്മാർട്ട് സിറ്റി പ്രദേശത്ത് നൽകുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.<br><br>പുനരധിവാസത്തിനായി ഏറ്റെടുത്ത സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ മിക്കവാറും പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ പൂർത്തിയാക്കി വളരെയധികം കുടുംബങ്ങൾ താമസം തുടങ്ങിക്കഴിഞ്ഞു. |
| ബി) എന്നുമുതൽ പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | ബി) | 132 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖല അനുമതി ലഭിച്ചതിനെ തുടർന്ന് ഈ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടത്തേണ്ടതായിട്ടുണ്ട്. അതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| സി) ഇതുവരെ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം തൊഴിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | സി) | പദ്ധതി പ്രവർത്തനം ആരംഭിച്ച ശേഷം മാത്രമേ തൊഴിലവസരങ്ങൾ ലഭിക്കുകയുള്ളൂ. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 24.11.2008 - ൽ മറുപടിക്ക്

നമ്പർ: 19

## സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയും ബിനാമി സ്വത്തുക്കളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ.കെ.സദാശിവൻ:<br>ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീമതി.കെ.എസ്. സലീഖ: | ശ്രീ.വി.എസ്.അച്യുതാനന്ദൻ,<br>മുഖ്യമന്ത്രി. |
| (എ) സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) അഴിമതിക്കാർക്കെതിരായി ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിജിലൻസ് അന്വേഷണം ആവശ്യമായവയിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് അനുമതി നൽകുന്നുണ്ട്. തുടർന്ന് വിജിലൻസ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്മേൽ യുക്തമായ നടപടി സ്വീകരിക്കുന്നുണ്ട്.<br>വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. അഴിമതി നടക്കുന്നതായി സർക്കാർ ഓഫീസുകൾക്കെതിരെ പരാതി ലഭിക്കുന്ന സാഹചര്യങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പത്രവാർത്തകളുടേയും രഹസ്യ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ |

ബ്യൂറോ അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കൈക്കൂലി ആവശ്യപ്പെട്ടതായി അറിയിച്ചുകൊണ്ട് പരാതിക്കാർ നേരിട്ട് സമീപിക്കുന്ന സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ട്രാപ്പ്കേസുകൾ രജിസ്റ്റർ ചെയ്ത് കൈക്കൂലി കൈപ്പറ്റുന്ന അവസരത്തിൽത്തന്നെ പ്രതികളെ അറസ്റ്റ് ചെയ്ത് കേസന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

അഴിമതിക്കാരുടെ അവിഹിത സമ്പാദ്യത്തെക്കുറിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും വിജിലൻസ് അന്വേഷണം ആവശ്യമായവയിൽ വിജിലൻസ് അന്വേഷണത്തിനുള്ള അനുമതിയും നൽകുകയും ചെയ്തുവരുന്നു.

സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയിക്കാൻ എല്ലാ ഓഫീസുകളിലും ബോർഡുകൾ സ്ഥാപിക്കുകയും അതിൽ വിജിലൻസ് യൂണിറ്റു ഓഫീസുകളുടെ ടെലിഫോൺ നമ്പരുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം വിവരങ്ങൾ നൽകുന്നതിന് ബ്യൂറോയുടെ ആസ്ഥാനത്തും നാല്

മേഖലാ ആഫീസുകളിലും ഡെഡിക്കേറ്റഡ് ടെലിഫോൺ സംവിധാനം നടപ്പിലാക്കിയിട്ടിണ്ട്.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ അന്വേഷണത്തിലിരിക്കുന്ന പഴയ വിജിലൻസ് അന്വേഷണങ്ങളും,വിജിലൻസ് കേസുകളും തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളുടെ ബാഹുല്യം കൊണ്ട് അവയ്ക്ക് സമയ ബന്ധിതമായി പരിഹാരം കാണാൻ സാധിക്കാത്തതിനാൽ ഇതു പരിഹരിക്കുന്നതിന് ,ലഭിക്കുന്ന പരാതികൾ പരിശോധിച്ച് കാര്യമാത്ര പ്രസക്തമാണെന്ന് തോന്നുന്നവയുടെ മേൽ ഒരു " സത്വരപരിശോധന (Quick Verification)" നടത്തുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സത്വര പരിശോധനയിൽ പ്രഥമ ദൃഷ്ട്യാ കേസെടുക്കാൻ സാധ്യതയുള്ള പക്ഷം അതിൻമേൽ കേസ് എടുക്കുകയും വിജിലൻസ് അന്വേഷണത്തിന് സാധ്യതയുള്ളവയിൽ തുടരന്വേഷണം നടത്താനും നടപടി സ്വീകരിക്കുന്നുണ്ട്. കോട്ടയത്ത് ഒരു വിജിലൻസ് കോടതി കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിശീലനപരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെൻറിന്റെ സഹായത്താൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ നടത്തി വരുന്നു. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നൽകുന്ന പരിശീലനത്തിനു

| | |
|---|---|
| | പുറമേ സി.ബി.ഐ അക്കാഡമിയിൽ അയച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. വിജിലൻസ് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനു പുറമേ അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫാക്സ്/ സ്കാൻ മെഷീനുകൾ, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ എന്നിവ വാങ്ങി ഈ ബ്യൂറോയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ബിനാമി പേരിൽ സ്വത്ത് സമ്പാദിച്ച അഴിമതിക്കാരായ ഉദ്യോഗസ്ഥർ രക്ഷപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇപ്രകാരമുള്ള സമ്പാദ്യം കണ്ടുകെട്ടുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുമോ; | (സി)ഇത്തരത്തിൽ കണ്ടെത്തുന്ന സ്ഥാവര-ജംഗമ വസ്തുക്കൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് പര്യാപ്തമായ നിയമങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് നിലവിലില്ല. ഈ പോരായ്മ പരിഹരിച്ച് സമഗ്രമായ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. തൽസംബന്ധമായ ബില്ലിന്റെ പരിശോധന പൂർത്തിയായി വരുന്നു. ഇത് കഴിയുന്നതും വേഗം പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) ബിനാമി സ്വത്തുക്കൾ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) ഇക്കാര്യത്തിൽ നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 20

24.11.2008-ൽ മറുപടിയ്ക്ക്

ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. എ.പി. അനിൽകുമാർ

എ) ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രസ്തുത വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും പരിപാടികളും കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൽ പ്രധാനപ്പെട്ട പരിപാടികൾ ചുവടെ ചേർക്കുന്നു.

നെല്ല്

i) ഗ്രൂപ്പ് ഫാമിംഗ് പരിപാടി ശക്തിപ്പെടുത്തൽ.

ii) തരിശായി കിടക്കുന്ന നിലങ്ങൾ വീണ്ടെടുത്ത് നെൽകൃഷി നടപ്പിലാക്കൽ

iii) നെൽ കൃഷിക്കാർക്ക് പലിശരഹിത വായ്പ

iv) നെൽകൃഷിക്കാർക്ക് ഗ്രീൻ കാർഡ് വിതരണം

v) ഉയർന്ന വില നൽകി നെൽ സംഭരണം

vi) പാഡി ബോർഡ് രൂപീകരണം

vii) സൗജന്യ വൈദ്യുതി ലഭ്യമാക്കൽ

viii) ഉല്പാദന ബോണസ് നൽകൽ.

ix) വിവിധ കേന്ദ്ര സർക്കാർ പദ്ധതികൾ

| | |
|---|---|
| | **പച്ചക്കറി** |
| | 1000 ജൈവ പച്ചക്കറി ഗ്രാമങ്ങളിൽ സമഗ്ര ജൈവ കൃഷി പദ്ധതി. |
| ബി) പച്ചക്കറി, പാൽ, മുട്ട, ഇറച്ചി, ധാന്യങ്ങൾ എന്നിവയുടെ ഉൽപ്പാദനത്തിന് മുൻഗണന നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം നടപ്പാക്കിയിട്ടുള്ളത്; | ബി) പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2007-08 വർഷത്തിൽ ഇടുക്കി ജില്ല കേന്ദ്രീകരിച്ച് 'ഹരിതശ്രീ' പദ്ധതിയും 2008-09 വർഷത്തിൽ 1000 ഗ്രാമങ്ങളിൽ സമഗ്ര ജൈവ പച്ചക്കറി കൃഷിയും നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അഗ്രി @ സ്കൂൾ പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| | നെൽകൃഷി മേഖലയിൽ താഴെ പറയുന്ന പരിപാടികളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കുന്നത്. |
| | **നെല്ല്** |
| | i) ഗ്രൂപ്പ് ഫാമിംഗ് മുഖേനയുള്ള സുസ്ഥിര നെൽകൃഷി വികസനം<br>ii) വില ഇൻഷ്വറൻസ് പരിപാടികൾ<br>iii) കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള നെൽകൃഷി വികസന പരിപാടികൾ<br>iv) സൗജന്യ വൈദ്യുതി<br>v) ഉല്പാദന ബോണസ്<br>vi) നെല്ല് സംഭരണം<br>vii) നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ<br>viii) രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നെൽകൃഷി വികസന പരിപാടികൾ. |

ix) പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി.

പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ വിദർഭ പദ്ധതി, ക്ഷീരവികസന വകുപ്പിന്റെ പശുഗ്രാമം പദ്ധതി എന്നിവ വഴി അയൽ സംസ്ഥാനങ്ങളിൽ നിന്നും ഉല്പാദന ക്ഷമത കൂടിയ ഇനം പശുക്കളെ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ക്ഷീരധാരാപദ്ധതിപ്രകാരം പ്രീമിയം ബുൾ സെമൻ, കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനായി ഗോരക്ഷാ പദ്ധതി തീറ്റപ്പുൽ കൃഷി വ്യാപനം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

മുട്ടയുടെ ആഭ്യന്തര ഉല്പാദനം കൂട്ടുന്നതിനായി സർക്കാർ ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന ശേഷി കൂടിയ ഇനം കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ഇറച്ചിക്കോഴി, ടർക്കിക്കോഴി, താറാവ് എന്നിവ വളർത്താനും സഹായങ്ങൾ നല്കുന്നുണ്ട്. സംസ്ഥാനത്തെ ഭക്ഷ്യോല്പാദനത്തിൽ ഒരു വൻ വർദ്ധനവ് കൈവരുത്തുക എന്ന ലക്ഷ്യത്തോടെ കാർഷിക അനുബന്ധ മേഖലകളിൽ പ്രത്യേകിച്ച് നെല്ല്, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) ഇതിന്റെ ഫലമായി ഇവയുടെ ഉത്പാദനത്തിൽ എത്ര ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്; | സി) നെൽകൃഷിയിൽ 2006-07 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 11586 ടൺ അരി കൂടുതലായി ഉല്പാദിപ്പിച്ചിട്ടുണ്ട്. എന്നാൽ 2007-08 വർഷത്തിൽ വർദ്ധനവ് രേഖപ്പെടു |

ത്തിയിട്ടില്ല. ഹരിതശ്രീ പദ്ധതി മുഖേന ഇടുക്കി ജില്ലയിൽ നിന്നും 24,000 ത്തോളം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്. ആയിരം പച്ചക്കറി ഗ്രാമങ്ങൾ എന്ന പദ്ധതി മുഖേന 2008 ഓണക്കാലത്ത് 15,000 ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിട്ടുണ്ട്. 2007-08 വർഷത്തിൽ പാലിന്റെ ഉല്പാദനം 23.02 ലക്ഷം മെട്രിക് ടണ്ണും മുട്ടയുടേത് 137.9 കോടി എണ്ണവും ആയിരുന്നു. ജനകീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 2008-09 ലെ ഉല്പാദന ലക്ഷ്യം നെല്ല് - 8 ലക്ഷം ടൺ, പച്ചക്കറി 7.5 ലക്ഷം ടൺ, പാല് 25 ലക്ഷം മെട്രിക് ടൺ, മുട്ട 160 കോടി എണ്ണം എന്നിങ്ങനെയാണ്.

ഡി) ഇങ്ങനെ ഉത്പാദിപ്പിച്ച ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിനും, വിപണനത്തിനും കൈക്കൊണ്ട മാർഗ്ഗങ്ങൾ ഫലവത്തായിരുന്നുവോയെന്ന് വ്യക്തമാക്കാമോ?

ഡി) ആലപ്പുഴ, പാലക്കാട്, കോട്ടയം, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന നെല്ല്, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഫലവത്തായി സംഭരിച്ചുവരുന്നു. സംസ്ഥാന ഹോർട്ടികൾച്ചറൽ വികസന കോർപ്പറേഷൻ, വി.എഫ്.പി.സി.കെ. യുടെ സ്വാശ്രയ വിപണി എന്നിവയിലൂടെ പച്ചക്കറി സംഭരിച്ച് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ സംഭരണ വിതരണത്തിൽ മിൽമ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ എന്നിവ സജീവമായി പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട[redacted] ചോദ്യം നം.21 — 24.11.2008ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.സുരേന്ദ്രൻപിള്ള | ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) പൊതു കമ്പോളത്തിൽ ചില അവശ്യ വസ്തുക്കളുടെ വിലയിൽ നേരിയ വില വ്യത്യാസം ഉണ്ടായിട്ടുണ്ട്. |
| (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിലവർദ്ധന തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്താമോ? | (ബി) അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള അവശ്യ വസ്തുക്കളുടെ വരവ് സുഗമമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ 1263 വിപണന ശാലകൾ, 1672 എ.ആർ.ഡി ശബരി സ്റ്റോറുകൾ എന്നിവ വഴി അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 40% വരെ വിലക്കുറച്ച് വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമെ ഉത്സവ സീസണുകളിൽ സപ്ലൈകോ പ്രത്യേക ബസാറുകൾ തുടങ്ങി അവശ്യ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കി വരുന്നുണ്ട്. സെപ്തംബർ 2006 നുശേഷം 10 അവശ്യ സാധനങ്ങളുടെ വില 27% വരെ കുറച്ചു വിറ്റുവരുന്നു. പൊതു വിപണിയിൽ ഗോതമ്പ് ഉത്പന്നങ്ങളുടെ വില നിയന്ത്രിക്കാനായി ഫോർട്ടിഫൈഡ് ആട്ട 11 രൂപയ്ക്കും, 11.50 രൂപയ്ക്കും നൽകുന്നുണ്ട്. പൊതു കമ്പോളത്തിൽ അരിയുടെ ദൗർലഭ്യം മൂലം ഉണ്ടാകുമായിരുന്ന വിലവർദ്ധന ഒഴിവാക്കാൻ പ്രത്യേക അരിക്കടകൾ തുറന്ന് സപ്ലൈകോ വിപണനശാലകൾ വഴി കിലോഗ്രാമിന് 13.50 രൂപയ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്കലരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 16 രൂപയ്ക്ക് പ്രതിമാസം 10 കിലോഗ്രാം |

കൂടുതൽ റേഷൻ വിഹിതത്തിന് പുറമേ വിതരണം ചെയ്തു വരുന്നുണ്ട്. വില വർദ്ധനവിന് കാരണ മാകുന്ന കരിഞ്ചന്ത പൂഴ്ത്തിവയ്പ്പ് ഇവ തടയുന്നതിനായി എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ റേഷൻ അദാല ത്തുകൾ എന്നിവയും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ മറ്റ് വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പൊതുവിപണി പരിശോധനകളും കാര്യക്ഷമമായി 'നടത്തു ന്നുണ്ട്. കൂടാതെ പൊതു വിപണിയിൽ അരി നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എഡിബിൾ ഓയിൽ, എഡിബിൾ ഓയിൽ സീഡ്സ് ഇവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കാരണം പൊതു കമ്പോളത്തിൽ വില വർദ്ധന ഒരു പരിധിവരെ നിയന്ത്രിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 22

24/11/2008 - ൽ മറുപടിക്ക്

## നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നെല്ലു സംഭരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) 10 പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ നേതൃത്വത്തിൽ ആലപ്പുഴ, കോട്ടയം, പാലക്കാട്, തൃശൂർ, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഊർജ്ജിതമായി നെല്ലു സംഭരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. 20/08/2008-ൽ കർഷകരുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും, രജിസ്ട്രേഷനുള്ള അവസാന ദിവസം 20/09/2008 ആയി നിശ്ചയിക്കുകയും ചെയ്തിരുന്നു. 2008 - 2009 വർഷത്തേക്കുള്ള പ്രതീക്ഷിത ചെലവ് 44.46 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. 41 സ്വകാര്യമില്ലുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷനു വേണ്ടി നെല്ലുസംഭരണം നടത്തി വരുന്നു. പത്രങ്ങളിലൂടെയും ഇന്റർനെറ്റിലൂടെയും ഈ പദ്ധതിയ്ക്ക് പരസ്യം നൽകുന്നുണ്ട്. നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 11/- രൂപയായി സംസ്ഥാന സർക്കാർ ഉയർത്തിയിട്ടുണ്ട്. |
| ബി) കർഷകർക്ക് നെല്ല് സൂക്ഷിക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; അടങ്കൽ എത്രയാണ് ; | (ബി) സമർപ്പിച്ചിട്ടുണ്ട്. 22.12 കോടി രൂപയാണ് ഇതിന്റെ പദ്ധതി ചെലവ് കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചതിനെത്തുടർന്ന്, വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതു പ്രകാരംസപ്ലൈകോ നടപടി എടുത്തു വരികയാണ്. |

(സി) 2006-07- ലും 2007 - 08 - ലും എത്ര ടൺ നെല്ല് ഇതിനകം സംഭരിച്ചു ; ഇതിൽ എത്ര ടൺ അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്തു ;

(സി) 2006 - 2007 സീസണിൽ 226076.72 മെ.ടൺ നെല്ലും, 2007 - 2008 സീസണിൽ 251310.77 മെ.ടൺ നെല്ലും സംഭരിച്ചു. 2006 - 2007 സീസണിൽ, സംഭരിച്ച നെല്ലിൽ നിന്നും 152181.781 മെ.ടൺ അരിയും 2007 - 2008 സീസണിൽ സംഭരിച്ച നെല്ലിൽ നിന്നും 94290.852 മെ.ടൺ അരിയും 08/11/2008 വരെ റേഷൻ കടകളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 17/11/2008 വരെ 38219 മെ.ടൺ അരി 16 രൂപാ നിരക്കിൽ മാവേലി സ്റ്റോറുകളിലൂടെയും റേഷൻ കടകളിലൂടെയും വിൽക്കുവാൻ നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിൻെറ സംഭരണ വില എത്ര പ്രാവശ്യം ഉയർത്തി ; ഇപ്പോഴത്തെ സംഭരണ വില എത്രയാണ് ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 പ്രാവശ്യം സംഭരണവില ഉയർത്തിയിട്ടുണ്ട്. 2006 - 2007 സീസണിൽ നെല്ലിൻെറ വില ക്വിന്റലിന് 707 രൂപയിൽ നിന്നും 850 രൂപയായും, 2007 - 2008 ഒന്നാം സീസണിൽ 900 രൂപയായും, 2007 - 2008 രണ്ടാം സീസണിൽ 1000/- രൂപയായും 2008 - 2009 - ൽ 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.23 — 24.11.2008ൽ മറുപടിയ്ക്ക്

### വിലക്കയറ്റം തടയുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ഷാജു | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉണ്ടായ രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ എന്തെങ്കിലും പാളിച്ചകൾ സംഭവിച്ചിട്ടുണ്ടോ ;<br><br>(ബി) വിലക്കയറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എ)യും (ബി) യും<br>വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഒരു പാളിച്ചയും സംഭവിച്ചിട്ടില്ല. പൊതു കമ്പോളത്തിൽ ചില അവശ്യ വസ്തുക്കളുടെ വിലയിൽ നേരിയ വില വ്യത്യാസം ഉണ്ടായിട്ടുണ്ട്. വില നിയന്ത്രി ക്കുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഒരു ഉപ ഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള അവശ്യ വസ്തുക്കളുടെ വരവ് സുഗമമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ 1263 വിപണന ശാലകൾ, 1672 എ.ആർ.ഡി ശബരി സ്റ്റോറുകൾ എന്നിവ വഴി അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 40% വരെ വിലക്കുറച്ച് വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമെ ഉത്സവ സീസണുകളിൽ സപ്ലൈകോ പ്രത്യേക ബസാറുകൾ തുടങ്ങി അവശ്യ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കി വരുന്നുണ്ട്. സെപ്തംബർ 2006 നുശേഷം 10 അവശ്യ സാധനങ്ങളുടെ വില 27% വരെ കുറച്ചു വിറ്റുവരുന്നു. പൊതു വിപണിയിൽ ഗോതമ്പ് ഉത്പന്നങ്ങളുടെ വില നിയന്ത്രി ക്കാനായി ഫോർട്ടിഫൈഡ് ആട്ട 11 രൂപയ്ക്കും, 11.50 രൂപയ്ക്കും നൽകുന്നുണ്ട്. പൊതു കമ്പോ ളത്തിൽ അരിയുടെ ദൗർലഭ്യം മൂലം ഉണ്ടാകു മായിരുന്ന വിലവർദ്ധന ഒഴിവാക്കാൻ പ്രത്യേക അരിക്കടകൾ തുറന്ന് സപ്ലൈകോ വിപണനശാലകൾ വഴി കിലോഗ്രാമിന് 13.50 രൂപയ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്ക ലരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 16 രൂപയ്ക്ക് പ്രതിമാസം 10 കിലോഗ്രാം |

കൂടുതൽ റേഷൻ വിഹിതത്തിന് പുറമെ വിതരണം ചെയ്തു വരുന്നുണ്ട്. വില വർദ്ധനവിന് കാരണമാകുന്ന കരിഞ്ചന്ത പൂഴ്ത്തിവയ്പ്പ് ഇവ തടയുന്നതിനായി എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഉപഭോക്ത്യാപദേശക വിജിലൻസ് സമിതികൾ റേഷൻ അദാലത്തുകൾ എന്നിവയും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ മറ്റ് വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പൊതുവിപണി പരിശോധനകളും കാര്യക്ഷമമായി നടത്തുന്നുണ്ട്. കൂടാതെ, പൊതു വിപണിയിൽ അരി നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എഡിബിൾ ഓയിൽ, എഡിബിൾ ഓയിൽ സീഡ്സ് ഇവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കാരണം പൊതു കമ്പോളത്തിൽ വില വർദ്ധന ഒരു പരിധിവരെ നിയന്ത്രിച്ചിട്ടുണ്ട്.

**(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള പൊതുവിതരണ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?**

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിമാസം അനുവദിച്ചു നൽകുന്ന റേഷൻ വിഹിതവും, കാലാകാലങ്ങളിൽ കൂടുതലായി അനുവദിച്ചു നൽകുന്ന വിഹിതവും ഗുണമേന്മ ഉറപ്പുവരുത്തി അർഹരായവർക്ക് തന്നെ വിതരണം ചെയ്യുന്നുവെന്ന് ഈ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പൊതു വിതരണ കേന്ദ്രങ്ങളെ ശബരി സ്റ്റോറുകളാക്കി മാറ്റി നിത്യോപയോഗ സാധനങ്ങൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നതുവഴി പൊതു ജനങ്ങൾ കൂടുതലായി പൊതുവിതരണ കേന്ദ്രങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്.

**(ഡി) വിലക്കയറ്റം തടയുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കി ഇടപെടുവിക്കുന്നതിന് സംവിധാനമുണ്ടാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?**

(ഡി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24

24.11.2008 ൽ മറുപടിയ്ക്ക്

## ഐ.ടി. വ്യവസായ സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

ചോദ്യം

ശ്രീ. കെ. ബാബു ;
ശ്രീ. കെ.സി. ജോസഫ് ;
ശ്രീ. ജോർജ് മേഴ്സിയർ ;

(എ) ഐ.ടി. വ്യവസായ സംരംഭങ്ങളിൽ സ്മാർട്ട് സിറ്റിക്കും മറ്റു സംരംഭങ്ങൾക്കും ഒരു പോലുള്ള നിയമങ്ങളും നയങ്ങളും ആനുകൂല്യങ്ങളും ബാധകമാണോ ;

(ബി) അല്ലാത്തപക്ഷം സ്മാർട്ട്സിറ്റിക്ക് എന്തെല്ലാം നിയമങ്ങളും ആനുകൂല്യങ്ങളും ബാധകമാകുമെന്നും അതിനോടുള്ള ഗവൺമെന്റിന്റെ സമീപനം എന്തെന്നും മറ്റ് ഐ.ടി. സംരംഭങ്ങൾക്ക് എന്തെല്ലാം നിയമങ്ങളും ആനുകൂല്യങ്ങളും ബാധകമാകുമെന്നും അവയോടുള്ള സമീപനം എന്തെന്നും വിശദീകരിക്കുമോ ;

(സി) സ്മാർട്ട്സിറ്റിക്ക് ബാധകമായ നിയമങ്ങളും ആനുകൂല്യങ്ങളും അതിനോടുള്ള സമീപനവും മറ്റ് ഐ.ടി. സംരംഭങ്ങൾക്ക് നൽകാത്തതെന്തു-കൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

<u>(എ), (ബി) ആന്റ് (സി)</u>

എല്ലാ ഐ.ടി. വ്യവസായ സംരംഭങ്ങൾക്കും കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ഐ.ടി. നയം ബാധകമാണ്. അത് അടിസ്ഥാനമാക്കി സ്മാർട്ട് സിറ്റി സംരംഭത്തിന് TECOM Investments FZ -LLC യുമായി 13.5.2007 ന് ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറയുന്ന ആനുകൂല്യങ്ങൾ സ്മാർട്ട് സിറ്റി സംരംഭത്തിന് ബാധകമാണ്. 6.10.2008 ൽ എല്ലാ വ്യവസായ സംരംഭങ്ങൾക്കും SEZ (Special Economic Zone) സംബന്ധിച്ച പുതുക്കിയ നയം പ്രഖ്യാപിച്ചു. ഇതിനുശേഷം പ്രത്യേക സാമ്പത്തിക മേഖലയിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് ഈ നിയമം കൂടി ബാധകമാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 25    24.11.2008 ൽ മറുപടിയ്ക്ക്

**പ്രത്യേക സമുദായങ്ങൾക്കുള്ള തസ്തികകളിലെ 'ബാക്ക്‌ലോഗ്' നികത്തുന്നതിനായി നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി. എസ്. അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) ചില പ്രത്യേക സമുദായങ്ങൾക്ക് നഷ്ടപ്പെട്ടുവെന്ന് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയ തസ്തികകളിലെ 'ബാക്ക്‌ലോഗ്' നികത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുണ്ടോ;<br>(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി)<br>സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നാക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് ശ്രീ.കെ. കെ. നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലുകളെ തുടർന്ന് പിന്നാക്ക ജനവിഭാഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് [illegible] 02.03.2006 ലെ [illegible] 8/2006/ [illegible] ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ ഇതിനകം നടത്തിയിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ 'ബാക്ക്‌ലോഗ്' നികത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) & (ഡി)<br>ബാക്ക്‌ലോഗ് നികത്തുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവ് പ്രായോഗികമായി ബാക്ക്‌ലോഗ് നികത്തുന്നതിന് ഫലപ്രദമല്ല എന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടതിനാൽ ബന്ധപ്പെട്ടവരുമായി ഇക്കാര്യം ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ് |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 26 | 24-11-2008 ൽ മറുപടിക്ക്

## തിരുവനന്തപുരം വിമാനത്താവളം

| ചോദ്യം:<br>ശ്രീ.ആർ.സെൽവരാജ് ;<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ.വി.ജെ.തങ്കപ്പൻ ;<br>ശ്രീ.വി.ശിവൻകുട്ടി ;<br>ശ്രീമതി.ജെ.അരുന്ധതി ; | ഉത്തരം<br>ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ). എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ സ്വതന്ത്ര പദവി ഉണ്ടായിരുന്ന തിരുവനന്തപുരം വിമാനത്താവളത്തെ ചെന്നൈ റീജിയണിന്റെ കീഴിലാക്കിയതിനാൽ വിമാനത്താവളത്തിന്റെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ). ഉണ്ട്. |
| (ബി). വിമാനത്താവളത്തിന്റെ സ്വതന്ത്ര പദവി നിലനിറുത്തുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി).തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭരണപരമായ നിയന്ത്രണം മുൻകാലങ്ങളിലെപ്പോലെ നേരിട്ട് ഹെഡ് ക്വാർട്ടേഴ്സിന്റെ കീഴിലാക്കണമെന്ന് സംസ്ഥാന സർക്കാർ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും കേന്ദ്ര വ്യോമയാന മന്ത്രാലയത്തോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന മന്ത്രിയുടെ ശ്രദ്ധയിലും ഈ കാര്യം കൊണ്ടുവന്നിട്ടുണ്ട്. |
| (സി). വിമാനത്താവളത്തിൽ പുതിയ അന്താരാഷ്ട്ര ടെർമിനൽ, എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ ; | (സി). 2009 മാർച്ച് അവസാനത്തോടെ ഇവയുടെ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| (ഡി). വിമാനത്താവള വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ? | (ഡി). വിമാനത്താവള വികസനത്തിന് ആവശ്യമായ സ്ഥലം ഘട്ടം ഘട്ടമായി ഏറ്റെടുത്തു നൽകാമെന്നാണ് സംസ്ഥാന സർക്കാർ എയർപോർട്ട് അതോറിറ്റിയ്ക്ക് ഉറപ്പു നൽകിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നൽകിയ 27.56 ഏക്കർ ഭൂമിയിൽ പുതിയ രാജ്യാന്തര ടെർമിനലിന്റെ നിർമ്മാണം ഇപ്പോൾ പുരോഗമിച്ചുവരി |

കയാണ്. രണ്ടാം ഘട്ടത്തിൽ 93 ഏക്കർ ഭൂമിയാ
ഏറ്റെടുത്ത് കൈമാറാനുള്ളത്. ഇതിൽ 5 ഏക്കർ ഭ
കൂടി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ബാക്കി 88 ഏക്ക
ഭൂമി കൂടി ഇനി ഏറ്റെടുത്ത് കൈമാറാനുണ്ട്. പുനര
വാസത്തിനായി ഒരു പാക്കേജ് പ്രഖ്യാപിച്ചാൽ മാത്ര
ഭൂമി ഏറ്റെടുക്കൽ നടപടികളുമായി സഹകരിക്കയുള
വെന്നാണ് തദ്ദേശവാസികൾ അറിയിച്ചിട്ടുള്ളത്. ഇ
പ്രശ്നം രമ്യമായി പരിഹരിച്ച് നാട്ടുകാരുടെ സഹകര
ത്തോടുകൂടി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീ
രിക്കാൻ വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നു വരി
യാണ്.

സെക്ഷൻ ഓഫീസ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27 | 24.11.2008 ൽ മറുപടിയ്ക്ക്

## ഇൻഫർമേഷൻ ആന്റ് ടെക്നോളജി മേഖലകളിലെ വികസന നേട്ടം

ചോദ്യം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ;
ശ്രീ. എം. ഉമ്മർ ;

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇൻഫർമേഷൻ ആന്റ് ടെക്നോളജി മേഖലകളിൽ എന്തൊക്കെ വികസനനേട്ടം കൈവരിക്കാനായെന്ന് വ്യക്തമാക്കാമോ ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ നിരവധി വികസന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 8.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള തേജസ്വിനി എന്ന കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണം, ടെക്നോപാർക്കിലെ ഒന്നാംഘട്ടത്തിലെ 31 ഏക്കറിനും രണ്ടാംഘട്ടത്തിലെ 86 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി, ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ, ടെക്നോസിറ്റിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ രജിസ്ട്രേഷൻ നടപടികൾ, ടെക്നോപാർക്കിൽ പുതിയ കമ്പനികളെ ആകർഷിക്കുവാനായി ഏകദേശം 15000 ചതുരശ്ര അടിയിൽ സ്മാർട്ട് ബിസിനസ് സെന്ററിന്റെ രൂപീകരണം, കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 15 ലക്ഷം ചതുരശ്ര അടി തറവിസ്തീർണ്ണത്തിൽ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവ നടന്നിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനി സ്ഥാപിച്ചു. കൊല്ലം, ആലപ്പുഴ (ചേർത്തല, അമ്പലപ്പുഴ), കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശൂർ എന്നീ ജില്ലകളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി. ഇതിൽ ആലപ്പുഴ, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ ഐ.ടി. പാർക്കുകൾക്ക് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. മലബാർ ഭാഗങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ സൈബർ പാർക്ക് എന്ന സ്ഥാപനം.

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി. മേഖലയിൽ സമർത്ഥരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് സഹായകരമാകുന്ന മാതൃകാ ഫിനിഷിംഗ് സ്കൂൾ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. കൊച്ചിയിൽ മറ്റൊരു ഫിനിഷിംഗ് സ്കൂൾ കൂടി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ മാസ് എച്ച്. ആർ. പ്രോഗ്രാം, സർക്കാർ വെബ്സൈറ്റ് നവീകരിക്കുന്നതിനായി കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്ക്, എല്ലാ സർക്കാർ ജീവനക്കാർക്കും ഇ-മെയിൽ നല്കുന്നതിനായി ഇ-മെയിൽ സെർവർ, കാഴ്ച വൈകല്യം ഉള്ളവർക്ക് ഇൻറർനെറ്റ് എന്നീ പദ്ധതികൾക്ക് തുടക്കം കുറിക്കുവാൻ സാധിച്ചു. |
| (ബി) | ഓരോ വർഷവും പുതുതായി തുറക്കപ്പെട്ട സ്ഥാപനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | 2006–08 കാലയളവിൽ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി 67 കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിച്ചു. |
| (സി) | ഇത്തരം കമ്പനികളിൽ ആഗോള സാമ്പത്തികമാന്ദ്യം മൂലം പിരിച്ചുവിടൽ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ആഗോള സാമ്പത്തികമാന്ദ്യം മൂലം ഐ.ടി. കമ്പനികളിൽ പിരിച്ചുവിടലുകൾ ഉണ്ടായിട്ടില്ല. എന്നാൽ പ്രവർത്തന മികവും കാര്യക്ഷമതയും അടിസ്ഥാനമാക്കിയുള്ള മൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള ശമ്പളം വെട്ടിക്കുറയ്ക്കലും പിരിച്ചുവിടലും തിരുവനന്തപുരം ടെക്നോപാർക്കിലെ ചില കമ്പനികൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിയമാനുസൃതമല്ലാത്ത പിരിച്ചുവിടലിനെതിരെ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | ഐ.ടി. മേഖലയിലെ കമ്പനി മേധാവികളുമായി 13.11.2008 ൽ നടത്തിയ ചർച്ചകളിലെ തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :28

24-11-2008-ൽ മറുപടിക്ക്

## മന്ത്രിമാരുടെ വിദേശ പര്യടനത്തിലൂടെ നേടിയെടുത്ത വിദേശ നിക്ഷേപം

ചോദ്യം

ശ്രീ സി എഫ് തോമസ് :
ശ്രീ.തോമസ് ഉണ്ണിയാടൻ :
പ്രൊഫ.എൻ.ജയരാജ് :

(എ) 2008 -09 വർഷത്തിൽ സംസ്ഥാനത്തെ ടൂറിസം, വ്യവസായ വകുപ്പ് മന്ത്രിമാർ നടത്തിയ വിദേശ പര്യടനത്തിലൂടെ സംസ്ഥാനത്ത് വിദേശ നിക്ഷേപം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ വി എസ് അച്യുതാനന്ദൻ
(മുഖ്യ മന്ത്രി)

(എ) & (ബി) ടൂറിസം വകുപ്പു മന്ത്രി സിങ്കപ്പൂർ, ആസ്ട്രേലിയ, അമേരിക്ക എന്നീ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയത്, പതിവായി അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ടൂറിസം മേളകളിലും, റോഡ് ഷോകളിലും പങ്കെടുക്കുവാനാണ്. സിങ്കപ്പൂർ സന്ദർശിച്ചത് ഐ ടി ബി ഏഷ്യയിൽ പങ്കെടുക്കുവാനാണ് ആസ്ട്രേലിയ സന്ദർശിച്ചത്, സിഡ്നി, മെൽബൺ എന്നിവിടങ്ങളിൽ നടന്ന കേരള ടൂറിസം റോഡ് ഷോകളിൽ പങ്കെടുക്കുവാനും ആയിരുന്നു. അമേരിക്കയിലെ, സാൻഫ്രാൻസിസ്കോ, ന്യൂയോർക്ക് എന്നിവിടങ്ങളിലെ ടൂർ ഓപ്പറേറ്റർമാരുമായി ചർച്ചകളിലേർപ്പെടുകയും, അതിലൂടെ അമേരിക്കക്കാരായ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനു വേണ്ട ശ്രമം നടത്തുന്നതിനും കൂടിയായിരുന്നു. കൂടാതെ, അമേരിക്കയിലെ സാൻഫ്രാൻസിസ്കോ, മിയാമി എന്നിവിടങ്ങളിൽ കേരളത്തിലെ വിവിധ സംഘടനകൾ സംഘടിപ്പിച്ച യോഗങ്ങളിൽ സംബന്ധിക്കുകയും, ഇക്കൊല്ലം ഡിസംബറിൽ ടൂറിസം വകുപ്പ് നടത്താനുദ്ദേശിക്കുന്ന "എന്റെ നാട് പ്രവാസി - കേരളീയ കൂട്ടായ്മ" സംബന്ധിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്യു

വാനും അതിലൂടെ അവരുടെ പ്രാതിനിധ്യം പ്രസ്തുത പരിപാടിയിൽ ഉറപ്പു വരുത്തുവാനും സാധിച്ചു

വ്യവസായ വകുപ്പു മന്ത്രി അമേരിക്ക, ഇംഗ്ലണ്ട്, ദുബായ് തുടങ്ങിയ വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. കേരളത്തിലെ വ്യവസായ സാദ്ധ്യതകളെപ്പറ്റിയും കെ എസ് ഐ ഡി.സി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കാനും, കേരളത്തിലേയ്ക്ക് വ്യവസായ നിക്ഷേപം ആകർഷിക്കുവാനുമാണ് പര്യടനം നടത്തിയത്

പ്രവാസി മലയാളികളുടെയും, ഇന്തോ - അമേരിക്കൻ മലയാളി ചേംബർ ഓഫ് കോമേഴ്സിന്റെയും ക്ഷണപ്രകാരം അവരുടെ വ്യവസായ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനായിട്ടാണ് ബഹു വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നത തല സംഘം അമേരിക്കൻ ഐക്യനാടുകളിലെ ന്യൂയോർക്ക് സന്ദർശിക്കുവാൻ തീരുമാനിച്ചത് പ്രസ്തുത സംഘം ന്യൂയോർക്കിനോടൊപ്പം, മറ്റ് സ്ഥലങ്ങളിലുള്ള കേരളത്തിൽ മുതൽ മുടക്കുവാനോ, വ്യവസായം നടത്തുവാനോ താല്പര്യമുള്ളവരും, കഴിവുള്ളവരുമായ അമേരിക്കൻ വ്യവസായികളെയും, പ്രവാസി മലയാളികളെയും സന്ദർശിക്കുകയുണ്ടായി പ്രവാസി മലയാളികളുടെയും അവരുടെ സംഘടനകളുടെയും യോഗങ്ങൾ സാൻ ഫ്രാൻസിസ്കോ, ന്യൂയോർക്ക്, ലണ്ടൻ തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് നടത്തുകയുണ്ടായി പ്രസ്തുത യോഗങ്ങളിൽ കേരളത്തിലെ നിക്ഷേപ സാദ്ധ്യതകളെപ്പറ്റിയും, അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി, വ്യവസായ പാർക്കുകളുടെ വികസനം എന്നിവ വിശദമാക്കു

കയും ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക് എഞ്ചിനീയറിംഗ്, വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം, ബയോ ടെക് നോളജി, സൗരോർജ്ജം മുതലായ മേഖലകളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റിയും ചർച്ച ചെയ്തു.

ഈ യോഗങ്ങളിൽ വച്ച് പ്രവാസി മലയാളികൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതിനായി സർക്കാരിന്റെ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. ഇതോടൊപ്പം വിവിധ അമേരിക്കൻ കമ്പനികളുമായി പ്രത്യേകിച്ചും M/s Marriot Corporation, EPS Solar, Solazyme Inc, Cisco Systems Inc, Infinite Solutions, Inc, KPMG, GE Health Care, Opterna, AMES International എന്നിവയുടെ കേരളത്തിലെ നിക്ഷേപ പദ്ധതികളെപ്പറ്റി വിവിധ യോഗങ്ങളിൽ ചർച്ച ചെയ്യുവാനിടയായി. ഇവയിൽ മിക്ക കമ്പനികളും അധികം വൈകാതെ കേരളം സന്ദർശിക്കുവാനും നിക്ഷേപം നടത്തുവാനും വേണ്ട സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചിരിക്കുകയാണ്

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.29 24.11.2008 ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ

ചോദ്യം

ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. വി.എൻ. വാസവൻ

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | കേസ് സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഇതിന്റെ അടുത്ത വാദം 2009 ജനുവരി 20, 21, 22 തീയതികളിലായി നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | മുല്ലപ്പെരിയാർ കേസ് കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സെല്ലിന്റെ പ്രവർത്തനം മൂലം കേസിന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞിട്ടുണ്ട്. കേരളത്തിന് പ്രയോജനപ്രദമായ നിരവധി രേഖകൾ സമാഹരിക്കുവാനും തമിഴ് നാടിന്റെ സാക്ഷികളെ ക്രോസ് എക്സാമിനേഷൻ ചെയ്യുവാൻ തക്കവിധത്തിൽ ചോദ്യാവലി ഉണ്ടാക്കുവാനും അഫിഡവിറ്റുകൾ തയ്യാറാക്കുവാനും അഭിഭാഷകർക്ക് വേണ്ട സാങ്കേതിക സഹായവും അധിക വിവരവും ലഭ്യമാക്കുവാനും കഴിഞ്ഞു. |

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 30 — 24.11.2008-ൽ മറുപടിക്ക്

## കെട്ടിട നിർമ്മാണ സാമഗ്രികൾ മാർജിൻഫ്രീയായി നൽകാൻ നടപടി

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീമതി. ഇ.എസ്. ബിജി മോൾ :<br>ശ്രീ. എൻ. രാജൻ:<br>ശ്രീ. കെ. രാജു : | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) കെട്ടിട നിർമ്മാണ സാമഗ്രികൾ മാർജിൻ ഫ്രീയായി ജനങ്ങൾക്കു നല്കുന്നതിനായി സംസ്ഥാനത്ത് ഇതിനകം എത്ര കലവറകൾ ആരംഭിച്ചു; അവ എവിടെയെല്ലാം; | എ) ഇതിനകം മൂന്നു കലവറ ന്യായവില വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ജില്ലാ സെൻററുകളിലാണ് ഇവ ആരംഭിച്ചിട്ടുള്ളത്. എറണാകുളത്ത് കളമശ്ശേരിയിലും കോഴിക്കോട് എൻ.ഐ.റ്റി ക്യാമ്പസിലും തിരുവനന്തപുരത്ത് വട്ടിയൂർക്കാവിലും. |
| ബി) കലവറയിലെ ഇത്തരം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ; | ബി) കലവറയിൽ നിന്നും കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സി) കെട്ടിട നിർമ്മാണ സാമഗ്രികളുടെ കലവറയിലെ വിലയും ഓപ്പൺ മാർക്കറ്റിലെ വിലയും തമ്മിൽ താരതമ്യം ചെയ്യുമോ;

സി) പൊതുവിപണിയിലെ വിലയുമായി താരതമ്യം ചെയ്ത് പൊതു വിപണിയിൽ ലഭ്യമാകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് കലവറയിലൂടെ സാമഗ്രികൾ വില്പന നടത്തുന്നത്. BPL വിഭാഗത്തിന് വില്പന വിലയിൽ മാർജിൻ ഇല്ല. വാങ്ങിയ വിലയ്ക്കു തന്നെ വില്പന നടത്തുകയാണ് ചെയ്യുന്നത്.

ഉദാഹരണമായി വട്ടിയൂർക്കാവ് കലവറ യൂണിറ്റിലെ വില നിലവാരം ചുവടെ കൊടുക്കുന്നു.

| തീയതി | ഇനം | പൊതു മാർക്കറ്റിലെ വില | കലവറയിലെ വില |
|---|---|---|---|
| 29/10/08 | സിമന്റ് | ചാക്കിന് 285 രൂ | ചാക്കിന് 269 രൂ |
| | TMT(ISI) കമ്പി | കി.ഗ്രാമിന് 39രൂപ40പൈസ | കി.ഗ്രാമിന് 36 രൂ |
| 22/11/08 | സിമന്റ് | ചാക്കിന് 280 രൂ | ചാക്കിന് 269 രൂ |
| | കമ്പി TMT (ISI) | കി.ഗ്രാമിന് 43രൂപ50പൈസ | കി.ഗ്രാമിന് 42 രൂ |

ഡി) കൂടുതൽ കേന്ദ്രങ്ങളിൽ കലവറകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡി) മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കലവറകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Lalitha Bai

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്